TRUTH SHALL MAKE YOU FREE

# മലങ്കരസഭ

ദ്വൈവാരികം

പുസ്തകം 23 | 1969 ഒക്ടോബർ 1, 15 | ലക്കം 19, 20



'ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നവണ്ണം
നിങ്ങളും എന്റെ അനുകാരികളാകുവിൻ' (1കോരി. 11:2)
(പരി. മാർ ഗ്രീഗോറിയോസ് (പരുമല). ഓർമ്മപ്പെരുനാൾ നവംബർ 2-3.)

പുസ്തകാഭിപ്രായം:

## വാനമ്പാടികളും കൊച്ചുമാലാഖമാരും

ഗ്രന്ഥകർത്താ:– ജോയൻ കുമരകം.
വിതരണം: സി.എൽ. എസ്സ്. തിരുവല്ല.
വില 1 രു. 50 പൈസ.

പ്രേമം, പ്രേമനൈരാശ്യം. മോഹം, മോഹഭംഗം മുതലായ ചില സ്ഥിരം കഥാംശങ്ങളുണ്ട് ഇന്നത്തെ കാഥികന്മാരുടെ കയ്യിൽ. മനസ്സിന്റെ മുകൾത്തട്ടുകളിൽ മാത്രം തത്തിക്കളിക്കുന്ന മുട്ടലമായ കഥാംശങ്ങൾ. സ്വന്തമായ ഒരു ജീവിതവീക്ഷണമൊ, ജീവിതത്തോട് ക്രിയാത്മകമായ സമീപനമോ ഒന്നുമില്ലാതെ നിഷ്പ്രയോജനമായി എഴുതിത്തള്ളുന്ന പല കഥകളും കാണുമ്പോൾ സങ്കടം തോന്നാറുണ്ട്.

ശ്രീ. ജോയൻ കുമരകത്തിന്റെ 'വാനമ്പാടികളും കൊച്ചുമാലാഖമാരും' എന്ന ലഘുഗ്രന്ഥം കയ്യിൽ കിട്ടിയപ്പോൾതന്നെ സന്തോഷം തോന്നി. വർണ്ണപ്പകിട്ടാർന്ന ചിത്രങ്ങൾകൊണ്ട് അലംകൃതമായ അതിന്റെ മുഖം ആരെയും ആകർഷിക്കും. ഉള്ളിലേക്കു കടന്നാലോ? എരിയുന്ന മഹാവനങ്ങളിൽനിന്നും ശാന്തിയുടെ നീർത്തടാകത്തിലേക്കും തിരതല്ലി ഒഴുകുന്ന സിന്ധുവിൽനിന്ന് അതിന്റെ കരയിലേക്കും പ്രവേശിച്ചാലുണ്ടാകുന്ന അനിർവചനീയമായ ഒരാനന്ദാനുഭൂതിയാണുണ്ടാവുക. വാനമ്പാടികളും കൊച്ചുമാലാഖമാരും, രണ്ടു ദൈവദൂതന്മാർ, മഞ്ഞിന്റെ നാട്ടിലെ രാജകുമാരൻ, ഹാപ്പിയപ്പൂപ്പന്റെ ഹാപ്പി ക്രിസ്തുമസ്, സ്വർഗ്ഗത്തിലേക്കൊരു കത്ത് എന്നീ അഞ്ചു കഥകളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. മലയാളനാട്ടിലെ കൊച്ചനുജന്മാർക്കും, കൊച്ചനുജത്തിമാർക്കും വേണ്ടിയാണ് ഈ കഥകൾ രചിച്ചിട്ടുള്ളതെന്ന് ഗ്രന്ഥകർത്താവുതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ഒരു സാഹിത്യരചയിതാവ് എന്ന നിലയിലും, എഴുതിത്തെളിഞ്ഞ ഒരു തൂലികയുടെ ഉടമസ്ഥൻ എന്ന നിലയിലും ശ്രീ. ജോയൻ ശ്രദ്ധേയനാണ്. കുട്ടികളുടെ മന:ശാസ്ത്രം മനസ്സിലാക്കിയിട്ടുള്ള ഒരു സാഹിത്യകാരനെയാണ് ഈ ഗ്രന്ഥത്തിലൂടെ നാം കാണുന്നത്. ലാളിത്യവും മാധുര്യവും മുററിനിൽക്കുന്ന മനോഹരമായ ഒരു ശൈലി ഗ്രന്ഥകർത്താവിന് സ്വായത്തമാണ്. കുട്ടികളെ രസിപ്പിക്കുവാനും ദൈവവിശ്വാസം അവരിൽ വളർത്തുവാനും, അവരുടെ ഭാവനയെ ഉണർത്തി വികസ്വരമാക്കുവാനും ഇതിലെ ഓരോ കഥയ്ക്കും കഴിവുണ്ട്. തമ്പിക്കുഞ്ഞും, സന്തോഷും, നാരായണനും, നളിനിയും, ററിററിയും, കൊച്ചുപാത്തുമ്മയുമെല്ലാം മനസിൽ നിറഞ്ഞു നില്ക്കുന്നു. സുന്ദരമായ ഈ കഥാസമാഹാരം ബാലസാഹിത്യശാഖയ്ക്ക് ഒരു മുതൽക്കൂട്ടായിരിക്കുമെന്നതിൽ സംശയമില്ല.

മാത്യൂസ് ശങ്കരത്തിൽ എം. എ.

## സ്ലീബായുടെ ദാസന്മാർ 45-ാം വാർഷികം

സ്ളീബാദാസസമൂഹത്തിന്റെ 45–ാം വാർഷികം സെപ്ററമ്പർ 13, 14 തീയതികളിൽ ചേലാട്ട് പള്ളിയിൽ വച്ച് നടന്നിരിക്കുന്നു. 13–ാംനു- സമൂഹാംഗങ്ങൾക്കും സഹകരണ സംഘാംഗങ്ങൾക്കുമുള്ള ധ്യാനവും കാര്യാലോചനയും നടന്നു. 14–ാംനു- പ.കാതോലിക്കാബാവാ തിരുമേനി വി. കർബ്ബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞുനടന്ന പൊതുയോഗത്തിൽ പ. ബാവാതിരുമേനി അദ്ധ്യക്ഷത വഹിച്ചു. ചേലാട്ടുപള്ളിവികാരി മററമന ബ. ഗീവറുഗീസ് കത്തനാർ സ്വാഗതമാശംസിച്ചു. പ. ബാവാതിരുമേനിയുടെ അദ്ധ്യക്ഷപ്രസംഗാനന്തരം സമൂഹംസെക്രട്ടറി ബ. പീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ റിപ്പോർട്ടുവായിച്ചു. തുടർന്ന് അഭിവന്ദ്യ കടവിൽ പോൾറമ്പാൻ ശ്രീ. പി. പി. വർക്കി, അവശക്രൈസ്തവസഭാംഗമായ ശ്രീ. എം. എം. പൗലോസ്. ബി. എ. —എന്നിവർ പ്രസംഗിച്ചു. സുവിശേഷകന്മാരുടെ വിവിധ ഭാഷകളിലുള്ള മിഷ്യനറി വാക്യോച്ചാരണവും കാണിക്കശേഖരവും കഴിഞ്ഞു് സമൂഹാദ്ധ്യക്ഷൻ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി നന്ദിപ്രകടനം നടത്തി. സമ്മേളനാനന്തരം ഘോഷയാത്രയും ഉണ്ടായിരുന്നു.

തുടർന്നുള്ള രണ്ടുദിവസങ്ങളിൽ ബ. റമ്പാച്ചൻ സ്ളീബാ ദാസന്മാർക്കായി ക്ലാസുകൾ നടത്തുകയും ചെയ്തു.

## പരുമലപ്പെരുനാൾ

പ. പരുമലതിരുമേനിയുടെ ഓർമ്മപ്പെരുനാൾ നവംബർ 1–ം 2–ം തീയതികളിലാണല്ലോ. എന്നാൽ ഈ വർഷം 2–ാംതീയതി ഞായറാഴ്ചയാകയാൽ പെരുനാൾ 2–ം 3–ം തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടുന്നതാണ്.



പ. പാത്രിയർക്കീസ്ബാവാ തിരുമനസ്സുകൊണ്ട്. സിംഹാസനാരോഹണദിനം ഒക്ടോബർ 27

### വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | പത്രാധിപലേഖനങ്ങൾ: i. മലങ്കരസഭയുടെ ഏക പ്രഖ്യാപിതപരിശുദ്ധൻ ii. പ. പാത്രിയർക്കീസ്ബാവായുടെ സിംഹാസനാരോഹണദിനം iii. മഹാത്മാഗാന്ധി | 4, 5, 6 |
| 2. | സഭയും ദൈവമാതാവും | 7 |
| 3. | വി. രഹസ്യങ്ങൾ | 9 |
| 4. | അക്നാടോൺ | 11 |
| 5. | മരണാനന്തരം ആത്മാക്കൾക്ക് പാപക്ഷമ ലഭിക്കുമോ? | 13 |
| 6. | വി. സ[illegible] സഭയിൻകൂടാരവും | 17 |
| 7. | ബാലരംഗം | 21 |
| 8. | മണലാരണ്യത്തിലെ മഹർഷിമാർ | 24 |
| 9. | പശ്ചിമജർമ്മനിയിലെ സെമിനാരികൾ—അനുകരണീയങ്ങളായ ചില പ്രത്യേകതകൾ | 27 |
| 10. | പ്രസംഗപീഠം | 29 |
| 11. | ക്രിസ്തീയദാനവും ദശാംശദായകസംഘവും | 35 |
| 12. | വാർത്തകളും കുറിപ്പുകളും | 39 |


(വിശേഷദിവസങ്ങൾ 6–ാം പേജിൽ)

# മലങ്കരസഭ

ദ്വൈവാരികം


പുസ്തകം 23 | 1969 ഒക്ടോബർ 1, 15 | ലക്കം 19, 20


പത്രാധിപലേഖനങ്ങൾ

## i മലങ്കരസഭയുടെ ഏക പ്രഖ്യാപിത പരിശുദ്ധൻ

മലങ്കരസഭയ്ക്കു് ഇതഃപര്യന്തം എത്ര പരിശുദ്ധന്മാരെ പുറപ്പെടുവിക്കുവാൻ സാധിച്ചിട്ടു
ണ്ടു് എന്നു നമുക്കു് ഖണ്ഡിതമായി പറവാൻ നിവൃത്തിയില്ലെങ്കിലും ഇക്കാര്യത്തിൽ ഈ സഭ
മററു സഭകളുടെ പിന്നിലാണെന്നു വിചാരിക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ പരിശുദ്ധന്മാരെ
പ്രഖ്യാപിക്കുന്ന ഒരു പതിവു് മലങ്കരസഭയിൽ മുമ്പുണ്ടായിരുന്നതായി അറിയപ്പെട്ടിട്ടില്ല.
നല്ല വിശ്വാസസ്ഥിരതയും, പ്രാർത്ഥനാജീവിതവ്രതനിഷ്ഠമായ നോമ്പാനുഷ്ഠാനം ആദിയായവ
യാൽ ആത്മശുദ്ധിയും അത്ഭുതസിദ്ധികളുമാർജ്ജിച്ച അനേകം പിതാക്കന്മാരെപററി നമ്മിൽ പ
ലക്കും അറിയാം. അവരിലെല്ലാം മുൻനിരയിൽ നില്ക്കുന്ന മഹാപുണ്യവാനാണു പരുമലതിരു
മേനി. ആർക്കും ആ ജീവിതത്തിൽ കുറവു് ആരോപിക്കുവാൻ കഴിയാത്തവിധം പവിത്രമായ
ഒരു ജീവിതം അദ്ദേഹം നയിച്ചു. ഈ സംഗതികളെപ്പററിയെല്ലാം നമ്മുടെ സഭയുടെ സുന്നഹ
ദോസ് അവഗാഢമായി ചിന്തിക്കുകയും, സഭാമക്കളാകമാനം അദ്ദേഹത്തിൻെറ മദ്ധ്യസ്ഥത
മൂലം അനുഗ്രഹം പ്രാപിക്കുവാൻ സഹായകമായിരിക്കുമാറു് അദ്ദേഹത്തെ പരിശുദ്ധനായി പ്ര
ഖ്യാപിക്കുകയും ചെയ്തു. അതേത്തുടർന്നു് ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ഈ പരിശുദ്ധ
പിതാവിൻെറ നാമത്തിൽ ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു. അവയെല്ലാംത
ന്നെ ആദ്ധ്യാത്മികപ്രകാശത്തിൻെറ ദീപയഷ്ടികളായി നിലകൊള്ളുന്നു.

തിരുമനസ്സിലെ ഭൗതികാവശിഷ്ടങ്ങളുടെ നിക്ഷേപസ്ഥലം പരുമലയാണു്. അതു്
സഭാമക്കൾക്കെല്ലാം ഇന്നു തീർത്ഥാടനകേന്ദ്രമാണു്. തിരുമേനിയുടെ കബറിടത്തിലെത്തിയും
അല്ലാതെയും അവിടുത്തെ മദ്ധ്യസ്ഥതമൂലം അഭിഷ്ടസിദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നവർ ഇന്നു
അനേകരാണു്.

### തിരുമേനിയെ അനുകരിക്കുക

പരിശുദ്ധന്മാരെ ആദരിക്കുന്നതിലും അവരുടെ മദ്ധ്യസ്ഥതയിലും അഭയപ്പെടുന്നതിലും
നാം പ്രത്യേകം താല്പര്യമുള്ളവരാണു്. അതു നല്ലതുതന്നെ. എന്നാൽ ഈ മദ്ധ്യസ്ഥത കേവലം
സ്വാർത്ഥപരമാകാതിരിക്കാൻ നാം കരുതണം. നമ്മുടെ അഭയയാചനകൾ ഏറിയകൂറും രോഗ
ശാന്തി, ഐഹികമായ അഭിവൃദ്ധി ആദിയായി നമ്മുടെ ഓരോരുത്തരുടെയും സ്വകീയതാല്പര്യ
ങ്ങളെ മുൻനിർത്തിയായിരിക്കണം. നമ്മുടെ ബലഹീനതകളിൽ നമ്മെ സഹായിക്കാൻ പുണ്യ
വാന്മാർ കർത്തൃമുമ്പാകെ അബ്രഹാം സോദോമിനുവേണ്ടിയും, ഇയ്യോബ് അവൻെറ സ്നേഹിത
ന്മാർക്കുവേണ്ടിയും, മോശ മിറിയാമിനുവേണ്ടിയും, ഇസ്രായേൽമക്കൾക്കുവേണ്ടിയും, അപ്പോ
സ്തോലന്മാർ കനാനായക്കാരി സ്ത്രീക്കുവേണ്ടിയും എന്നപ്രകാരം പ്രാർത്ഥിക്കും. അപ്പോ
ക്കു് ഒരു പ്രധാനപ്പെട്ട കാര്യം നമ്മിൽ പലരും വിസ്മരിച്ചുപോകുന്നു. അതു മറെറാന്നുമല്ല, നാം
ഏതു പരിശുദ്ധനിൽ അഭയപ്പെടുന്നുവോ അദ്ദേഹത്തെ അനുകരിക്കാനുള്ള കർമ്മബാദ്ധ്യതയാണു്;
പരിശുദ്ധന്മാർ നമ്മോടു് ആവശ്യപ്പെടുന്നതും അതുതന്നെയാണു്. 'ഞാൻ ക്രിസ്തുവിൻെറ അനു
കാരി ആയിരിക്കുന്നവണ്ണം നിങ്ങൾ എൻെറ അനുകാരികളാകുവിൻ' (1 കോരി. 11: 1) എന്നു
വി. പൗലൂസ് കോരിന്ത്യരോടു പറയുന്നു. 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ
നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്തു് അവരുടെ വിശ്വാസം
അനുകരിപ്പിൻ' എന്നു് എബ്രായലേഖനത്തിലും (13: 7) പറഞ്ഞിരിക്കുന്നു. ഏലീശാ തൻെറ



ഗുരുവിനെ പിന്തുടർന്നതിൻെറ ഫലമായി ഗുരുവിൻെറ ഇരട്ടി ശക്തി പ്രാപിച്ചു. എന്നാൽ സ്വാ
ർത്ഥചിന്താഭരിതനായി ദ്രവ്യാഗ്രഹിയായ ഗേഹസിക്കു ലഭിച്ചതോ ശാപവും. ഗേഹസിയെ
പ്പോലെയുള്ള അധമമായ ആഗ്രഹത്താൽ നാമാരും പ്രേരിതരല്ലായിരിക്കാമെങ്കിലും ഏലീശാ
യെപ്പോലെയുള്ള ഉത്തമമായ ചിന്താഗതി നമ്മെ ഭരിക്കുന്നുണ്ടോ എന്നു നാം സ്വയപരിശോധന
ചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ മഹാപരിശുദ്ധനായ പരുമലതിരുമേനിയുടെ മദ്ധ്യസ്ഥത
യിൽ അഭയംപ്രാപിക്കുന്ന നാമെല്ലാവരും അദ്ദേഹത്തിൻെറ വിശ്വാസത്തെയും ജീവിതത്തെ
യും അനുകരിപ്പാൻ കടപ്പെട്ടവരാണെന്ന വസ്തുത പ്രത്യേകം ചൂണ്ടിക്കാണിപ്പാൻ ഞങ്ങൾ ആ
ഗ്രഹിക്കുന്നു. പരിശുദ്ധന്മാരെക്കുറിച്ചുള്ള ഓർമ്മ പരിശുദ്ധന്മാരെ ജനിപ്പിക്കാൻ പര്യാപ്തമായി
ത്തീരട്ടെ.

### മാർ ഗ്രീഗോറിയോസ് ആശുപത്രി

തിരുമേനി ഇഹത്തിൽ ജീവിച്ചിരുന്ന കാലത്തു് അനേകം മഹാരോഗികളെ ദിവ്യശ
ക്തിയാൽ സൗഖ്യപ്പെടുത്തി. ആ പ്രവൃത്തിയെ അതേ നിലയിൽ നിവൃത്തിക്കുവാൻ ഒരുപക്ഷെ
നാം ഇനിയും പ്രാപ്തിയാർജ്ജിച്ചിട്ടില്ലെങ്കിലും രോഗശാന്തിക്കുപയുക്തമായ ജീവകാരുണ്യപ്രവ
ർത്തനങ്ങളിൽ സഹകരിക്കാൻ നമുക്കു സാധിക്കും. തിരുമേനിയുടെ നാമത്തിൽ പരുമലെ ഒരാ
ശുപത്രി പണിതുകൊണ്ടിരിക്കയാണു്. അതു പൂർത്തിയായാൽ അനേകർക്കു് അതു് ഒരു ആശ്വാ
സകേന്ദ്രമായിരിക്കും. നാം ആ കബറിടത്തിൽ സമർപ്പിക്കുന്ന വഴിപാടുകൾ ആ വിധത്തിൽ
പ്രയോജനപ്പെടുന്നതു് ചാരിതാർത്ഥജനകമല്ലയോ? വഴിപാടുകൾക്കു പുറമേ നമ്മുടെ നന്ദിയുടെയും
സ്നേഹത്തിൻെറയും നിദർശനമായ സംഭാവനകൾ നൽകിയും ഈ സ്ഥാപനത്തെ സഹായി
ക്കേണ്ടതാണു്.

### വിശ്വാസവും ജീവിതവും

വിശ്വാസപരമായി വളരെ കോളിളക്കം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ
സ്വജീവിതംകൊണ്ടും പ്രഭാഷണങ്ങളാലും കാരുണ്യപ്രവൃത്തികളാലും മററും അദ്ദേഹം സത്യവി
ശ്വാസത്തിൻെറ വിജയപതാക പറപ്പിച്ചു. ആ വിശ്വാസദാർഢ്യവും ജീവിതനിഷ്ഠയും നമ്മി
ലേക്കു പകർത്തുവാൻ നാം ഉററു പരിശ്രമിക്കേണ്ടതാണു്.

### പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത വേദാനുസൃതമോ

പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയെ അന്ധവിശ്വാസമെന്നു തെററിദ്ധരിപ്പിക്കുവാൻ
ശ്രമിക്കുന്നവർ ഇക്കാലത്തു കുറവല്ല. അതിനു നമ്മുടെ കർത്താവിൻെറ തിരുമൊഴിതന്നെയായിരി
ക്കട്ടെ മറുപടി. 'നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊ
ള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു'.

## ii പ. പാത്രിയർക്കീസ്ബാവായുടെ സിംഹാസനാരോഹണദിനം

അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും മോറാൻ മാർ ഇഗ്നാത്യോസ് യാക്കൂബ്
തൃതീയൻ പാത്രിയർക്കീസ്ബാവാ തിരുമനസ്സിലെ സിംഹാസനാരോഹണത്തിൻെറ 12-ാം
വാർഷികം ഈ ഒക്ടോബർ 27-ാംതീയതി ആണു്. ഈ ദിനം മലങ്കരസഭയിൽ ആചരിക്ക
ത്തക്കവണ്ണം സഭാപഞ്ചാംഗത്തിൽ ചേർത്തിട്ടുണ്ടു്. ഇതിനുമുമ്പു് ഒരു പാത്രിയർക്കീസിൻെറയും
സിംഹാസനാരോഹണദിനം മലങ്കരസഭാ പഞ്ചാംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. സഭ ആച
രിച്ചിട്ടുള്ളതായും അറിവില്ല. എന്നാൽ തിരുമേനിയുടെ സിംഹാസനാരോഹണദിനം സഭാപ
ഞ്ചാംഗത്തിൽ പ്രത്യേകം ചേർത്തിരിക്കുന്നതു് അദ്ദേഹം മലങ്കരസഭയ്ക്കു് അവിസ്മരണീയനായി
ത്തീർന്നിട്ടുള്ളതിനാലാണു്. ദീർഘകാലം സമുദായത്തിൽ നിലവിലിരുന്ന ഭിന്നതയുടെ നടുച്ചു
വരിനെ ഇടിച്ചുകളഞ്ഞു് ഇരുപാട്ടുകാരെയും ഒന്നാക്കിത്തീർക്കുന്നതിനു് അദ്ദേഹം ധീരമായി മുമ്പോ
ട്ടുവന്നു. നീതിയുടെ മാർഗ്ഗത്തിൽ അദ്ദേഹം ഇടറിയില്ല. ദൈവാത്മപ്രേരിതമായ മനഃസാക്ഷി
യുടെ പ്രേരണയ്ക്കുനേരേ അദ്ദേഹം കണ്ണുപൂട്ടിയില്ല. മഹാനായ ഒരു നായകൻെറ പ്രാഭവം അദ്ദേ
ഹത്തിൽ എമ്പാടും നാം ദർശിക്കുന്നു. ഈ സമാധാനസ്ഥാപനത്തിൽ തുല്യപങ്കാളിത്വം വ
ഹിച്ച കാലംചെയ്ത പൗരസ്ത്യകാതോലിക്കാബാവാ തിരുമേനിയും ഒപ്പം പ്രശംസിക്കപ്പെടുക.ത
ന്നെചെയ്യും. ഈ രണ്ടു പിതാക്കന്മാരും സഭയുടെ ഭാഗ്യനക്ഷത്രങ്ങളാണു്.

ട്ടു വിധത്തിൽ ഒരു തിരുശേഷിപ്പ് ഇല്ലാത്തതു് അങ്ങനെ ഒരെണ്ണം ലഭിക്കാത്തതുകൊണ്ടാണു്. റോമൻകത്തോലിക്കസഭ ഒരു വിശ്വാസസത്യമായി അടുത്തകാലത്തു് ദൈവമാതാവിന്റെ Assumption പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നാൽ പുരാതനകാലംമുതലുള്ള നമ്മുടെ ആരാധനക്രമങ്ങളിൽ അതു് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണു്. അതിന്റെ പ്രാധാന്യംകൊണ്ടാണു് വാങ്ങിപ്പിന്റെ ദിവസമായ ഓഗസ്റ്റു് 15, മാറാനായപ്പെരുനാളുപോലെതന്നെ സഭ ആചരിക്കുന്നതു്. ദൈവമാതാവിനെ സംബന്ധിച്ചുള്ള ഈ കാര്യങ്ങൾ നാം സ്വീകരിക്കേണ്ടതു് അവളെ ബഹുമാനിക്കേണ്ടതിനു് ആവശ്യമാണു്. ഈ കാര്യങ്ങൾ അഗണ്യമായി കരുതുന്നവർ ദൈവമാതാവിനെ ബഹുമാനിക്കുകയല്ല ചെയ്യുന്നതു്.

ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ സെപ്റ്റംബർ 8-ാംതീയതി ഉണ്ടെങ്കിലും വാങ്ങിപ്പിനാണു് പ്രാധാന്യം. അവളുടെ ജനനം പ്രകൃത്യാനുസരണമുള്ളതാണെങ്കിലും വാങ്ങിപ്പ് പ്രകൃത്യാതീതമായുള്ളതായിരുന്നു. മനുഷ്യപുത്രി എന്ന നിലയിൽ ജനിച്ചുവെങ്കിലും, ദൈവജനനി എന്ന നിലയിൽ വാങ്ങിപ്പോയി. ഇതാണു് തത്വമെങ്കിലും അനേകരും കാര്യങ്ങൾ വേണ്ടവണ്ണം അറിയുന്നില്ല. സഭയും പിതാക്കന്മാരും സഭാംഗങ്ങളെക്കുറിച്ച് ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിട്ടു് അനേകർ കെട്ടുകഥകളുടെയും കള്ളപ്രചരണങ്ങളുടെയും പിന്നാലെ പോകുന്നുണ്ടു്. Mass Psycology (ബഹുജനമന:ശാസ്ത്രം) അറിയാവുന്നവർ എളുപ്പം പ്രചരിക്കുന്ന പ്രചരണോപാധികൾ കണ്ടുപിടിക്കുകയും തെററായ ഭക്തിപ്രസ്ഥാനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും. ഇന്നത്തെ പല ഭക്തിപ്രസ്ഥാനങ്ങളിൽനിന്നും പണത്തെ മാററിപ്പിടിക്കുകയാണെങ്കിൽ ഭക്തിപ്രസ്ഥാനങ്ങളുടെ തരിപോലും കാണുകയില്ല. വി. ദൈവമാതാവിന്റെ ജനനപ്പെരുനാൾ നാം ആചരിക്കരുതെന്നല്ല; എന്നാൽ വാങ്ങിപ്പിനാണു പ്രധാനം എന്നുള്ളതു നാം ഒരിക്കലും വിസ്മരിക്കരുതു്.

ലോകരക്ഷയ്ക്കുവേണ്ടി കർത്താവു് നിർവ്വഹിച്ച പീഡാനുഭവങ്ങളെ ധ്യാനിപ്പാനോ താൻ ഉയിർത്തെഴുന്നേററദിവസമായ ഞായറാഴ്ചയെ ആഘോഷിപ്പാനോ മനസ്സില്ലാത്തവർ മററു പരിപാടികൾ നടത്തുന്നതിനാണു് ഉത്സാഹിക്കുന്നതു്! സഭാകല്പിതങ്ങളായ നോമ്പുകളെ ത്യജിക്കുന്നവർ കല്പിതമല്ലാത്ത നോമ്പുകളിലാണു് അഭയം തേടുന്നതു്! യേശുക്രിസ്തുവിൽ വിശ്വസിച്ചില്ലെങ്കിലും കന്യക്രൂീഅമ്മയിലും വിശുദ്ധന്മാരിലും വിശ്വസിച്ചേച്ചാൽ മതി എന്നു പഠിപ്പിക്കുന്നകാലം വരാൻ പാടില്ലായ്കയില്ല. അടിക്കുന്നതിലേ പോകുന്നില്ലെങ്കിൽ പോകുന്നതിലേ അടിക്കുന്നവിധത്തിൽ ഓരോരുത്തർ അവരവരുടെ മനോധർമ്മമനുസരിച്ചു ചമയ്ക്കുന്ന പല ഏർപ്പാടുകളെയും വിവേചനയോടുകൂടി വിലയിരുത്തുവാൻ സാധിക്കാതെവരുമ്പോൾ അവയെ എല്ലാം പിൻതാങ്ങുകയും അവയ്ക്കെല്ലാം മൗനാനുവാദം നൽകുകയും ചെയ്യുന്ന ഒരു പതിവ് പലയിടങ്ങളിലും പ്രബലപ്പെട്ടുവരുന്നു കാണാം. അതിനുദാഹരണമാണു് ദൈവമാതാവിന്റെ വാങ്ങിപ്പ് ആരും ആഘോഷിക്കാത്തതും, ജനനം കർത്താവിന്റെ ജനനത്തെക്കാൾ വലുതായി കൊണ്ടാടുന്നതും!

സഭയും ദൈവമാതാവും തമ്മിൽ ഗാഢമായ സാമ്യങ്ങൾ ഉണ്ടു്. സങ്കീ. 45. 9-12 വരെ: 'നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർതങ്കം അണിഞ്ഞുനില്ക്കുന്നു. അല്ലയോ കുമാരീ! കേൾക്കുക, നോക്കുക, ചെവിചായിക്കുക, സ്വജനത്തെയും, നിന്റെ പിതൃഭവനത്തെയും മറക്കുക; അപ്പോൾ രാജാവു് നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും. അവൻ നിന്റെ നാഥനല്ലൊ. നീ അവനെ നമസ്കരിച്ചുകൊൾക' എന്നുള്ള ഭാഗങ്ങൾ സഭയുടെ മഹത്വമായും ദൈവമാതാവിന്റെ മഹത്വമായും കീർത്തിക്കപ്പെടുന്നു. ദൈവമാതാവിനെക്കൂടാതെ സഭയില്ല. ദൈവമാതാവിനെ കൂടാതെ പള്ളിയോ ത്രോണോസോ ഇല്ല. ദൈവമാതാവായ മറിയാമിന്റെയും ഇന്ന പരിശുദ്ധന്റെയും നാമത്തിൽ ഇതു സ്ഥാപിക്കപ്പെടുന്നു എന്നു പറഞ്ഞാണു് ശിലാസ്ഥാപനം പള്ളിക്കു് അഥവാ ത്രോണോസിനു നിർവ്വഹിക്കപ്പെടുന്നതു്. അതുകൊണ്ടാണു് നിന്നാൾസ്തുതിയൊടുരാജമകൾ....ഇത്യാദി കുക്കിലിയോൻ ചൊല്ലുന്നതും, അതിനുശേഷം 'നയവാൻ പനപോലെ....എന്ന വിശുദ്ധന്മാരുടെ കുക്കിലിയോൻ ചെല്ലുന്നതും. കന്യാസ്ത്രീഅമ്മയെ ബഹുമാനിക്കാത്ത ഒരു സഭയെയും ഓർത്തഡോക്സ് സഭകൾ സ്വീകരിക്കുന്നതല്ല.

F O R F A V O U R S R E C E I V E D



Kunjamma, Kozhencherry. ചങ്ങത്തു് താവു ഉട്ടപ്പ്, കുന്നകുളം.



# വി. രഹസ്യങ്ങൾ

(ഫാദർ ജോൺ പടിയറ എം. ഏ.)

വി. പൗലോസ്ശ്ലീഹാ തന്റെ എഫേസ്യലേഖനത്തിൽ 'തന്റെ തിരുവിഷ്ടത്തിന്റെ രഹസ്യം താൻ നമ്മെ അറിയിച്ചു' എന്നു പറഞ്ഞിരിക്കുന്നു (എഫേസ്യ. 1:9). ഈ രഹസ്യം വിശ്വാസികൾക്കു് ദൈവികവും അദൃശ്യവുമായ കൃപകളെ പ്രദാനം ചെയ്യത്തക്കവണ്ണം ദൃശ്യവും ഭൗമികവുമായ പദാർത്ഥങ്ങൾകൊണ്ടു് രൂപീകരിക്കപ്പെട്ടിരിക്കുന്നു. ദൈവശക്തി, സത്രൂപങ്ങളായവയുടെ മറവിൽ രക്ഷയെ അരൂപമായി പൂർത്തീകരിക്കുന്നു. വിശുദ്ധി, പുണ്യം ഇവയെ അറിയിച്ചു് പൂർത്തീകരിക്കുന്ന ശക്തി കൂദാശകൾക്കുണ്ടു്. വി. പൗലൂസ് ശ്ലീഹാ 'മിശിഹാ തന്റെ സഭയെ സ്നേഹിക്കുകയും, ജലസ്നാനത്താലും വചനത്താലും അവളെ ശുദ്ധീകരിച്ചു് വെടിപ്പാക്കേണ്ടതിനു് സ്വയം അവൾക്കുവേണ്ടി ഏല്പിച്ചുകൊടുക്കുകയും ചെയ്തു' എന്നു് സ്പഷ്ടമായി പറയുന്നു (എഫെ. 5:26-27). ഇവിടെ ജലം ശരീരത്തെ കഴുകുന്നതോടൊപ്പം ഹൃദയത്തെ സ്പർശിക്കുകയും ചെയ്യുന്നു എന്നതു് മാനുഷികബോധത്തിനും ബുദ്ധിക്കും ഗ്രഹിക്കുവാൻ അശക്യമത്രെ. ഉൾപ്രവേശിച്ചു് ആത്മാവുവരെ ചെന്നെത്തുന്നതിനു് സ്വാഭാവികമായി ശക്തിയുള്ളതും സ്പർശനീയമായതുമായ യാതൊരു വസ്തുവും ഇല്ലെന്നുള്ളതു വ്യക്തമാണല്ലൊ.

ഇന്ദ്രിയഗോചരമല്ലാത്ത തന്റെ ശക്തിയാൽ നമ്മുടെ ആത്മാക്കളിൽ ദൈവം പൂർത്തീകരിക്കുന്നതിനു് ദൃഷ്ടാന്തങ്ങളാലും സദൃശങ്ങളാലും എന്നവണ്ണം പ്രത്യക്ഷപ്പെടുത്തുന്നതാകുന്നു രഹസ്യങ്ങൾ. 'യേശുമിശിഹായിൽ മാമോദീസാ മുങ്ങിയ നാം തന്റെ മരണത്തിൽ മാമോദീസാ മുങ്ങിയെന്നു നിങ്ങൾ അറിയുന്നില്ലയോ' എന്നു് റോമർക്കെഴുതിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. അതായതു് വെള്ളത്തിലെ കഴുകൽ മിശിഹായോടുകൂടിയുള്ള കബറടക്കത്തിന്റെ അടയാളവും സാദൃശ്യവുമാകുന്നു.

ദൈവം തന്റെ സഭയിൽ വിശ്വാസികൾക്കു നൽകുന്നതിനു് ഏഴു കൂദാശകൾ ക്രമപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ഏഴായി ക്രമപ്പെടുത്തിയിരിക്കുന്നതു് സ്ക്കറിയായുടെ ദർശനത്തിൽ കാണുന്നതുപോലെ ഒരു കല്ലിന്മേലുള്ള ഏഴു് ഉറവകളുടെ സംഖ്യയനുസരിച്ചും, സ്വർണ്ണംകൊണ്ടുള്ള വിളക്കുതണ്ടിന്മേൽ സ്ഥിതിചെയ്യുന്ന ഏഴു വിളക്കുകളുടെയും, അതിന്റെ വായിലെ ഏഴു തിരികളുടെ എണ്ണത്തിനൊത്തവണ്ണവും ആകുന്നു. രാജാക്കന്മാരുടെ പുസ്തകത്തിൽ ഏലീശാ നയമാനോടു നിർദ്ദേശിച്ച യോർദ്ദാനിലെ ഏഴു കുളിയോടും ഇതിനെ സദൃശപ്പെടുത്താം. സദൃശവാക്യങ്ങളുടെ ലിഖിതാവു പറഞ്ഞിരിക്കുന്നു: 'ജ്ഞാനമായവൾ വീടു പണിതു് ഏഴു തൂൺ നിർത്തി'. പിതാവിന്റെ ജ്ഞാനമായ മിശിഹാ സഭയെ പണിയുകയും അതിൽ രക്ഷയുടെ സങ്കേതസ്ഥാനമാകുന്ന ഏഴു കൂദാശകൾ സ്ഥാപിക്കുകയും ചെയ്തു. അവയാൽ പുതുതായി സൃഷ്ടിക്കപ്പെടുകയും, ഭാഗ്യമുള്ള ക്രിസ്തീയ ജീവിതത്തിൽ വളരുകയും, വരുവാനിരിക്കുന്ന ജീവനിക്ഷേപത്തിലേക്കു് നാം പോഷിപ്പിക്കപ്പെടുകയും. പാപാശുദ്ധതകളിൽനിന്നു് നമ്മുടെ ഹൃദയങ്ങൾ വെടിപ്പാക്കപ്പെടുകയും, നമുക്കു് എതിരായി അലയുന്ന അരിഷ്ടതകളിൽനിന്നു് നമ്മുടെ ആത്മാക്കളും ശരീര

ത്രോ. 2: 9). സഭയിലെ വിശുദ്ധകർമ്മങ്ങൾ പാപത്തിൽനിന്നുള്ള വിടുതലിനും ആത്മികവളർച്ചയ്ക്കും ഉള്ള ശുദ്ധീകരണമാർഗ്ഗങ്ങൾ അത്രെ (തീത്തോ. 3: 6; റോമ. 6: 1; യോഹ. 6: 57; 15: 2). അതിനാലത്രെ സഭയിലെ കർമ്മങ്ങൾ വിശുദ്ധം—ക്കുദാശ—എന്നു വിളിക്കപ്പെടുന്നത്. ഈ കർമ്മങ്ങളുടെ സ്ഥാപകൻ ക്രിസ്തു അത്രെ (1 കോരി. 11: 23; മത്താ. 28: 19). അതു പട്ടക്കാരാൽ നടത്തപ്പെടുന്നു (2 കോരി. 3: 6; യാക്കോബ് 5: 14). അതിനു പ്രത്യക്ഷസാധനങ്ങളും ആത്മിക കൃപാദാനങ്ങളും ഉണ്ട് (എബ്രാ. 10: 22; മത്താ. 26: 26; റോമാ. 10; 10; 6: 4; അപ്പോ. പ്ര. 8: 36, 37).

## b) സഭയിൻകൂടാരം ഒന്നുമാത്രം

ഇസ്രായേൽമക്കൾക്ക് പാപപരിഹാരത്തിനും, ശുദ്ധീകരണത്തിനും, ആരാധനയ്ക്കും, ദൈവികസംസർഗ്ഗത്തിനും ആധാരമായി ഈ ഒരു കൂടാരം മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ കാണുന്ന ഏക ദൈവം, ഏകവിശ്വാസം, ഏക ആരാധന, ഏകവാതിൽ, ഏക ബലിപീഠം, ഏകകൃപാസനം മുതലായ ഏകത്വങ്ങൾ ഇസ്രായേല്യരെ ഏകീകരിക്കുന്നതിനും അവരുടെ ഇടയിൽ ഏകവിശ്വാസം പുലർത്തുന്നതിനും പ്രയോജനപ്പെട്ടു. ഈ കൂടാരത്തിൽ ഏകദൈവം അധിവസിക്കുന്നു. ഇതിൽനിന്ന് ഇസ്രായേൽമക്കൾക്ക് ദൈവികനൽവരങ്ങൾ ഒഴുകിക്കൊണ്ടിരുന്നു. 'ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കണം' (പുറ. 25:8; 29:45). 'ഞാൻ നിന്നോടു സംസാരിക്കേണ്ടതിനു നിങ്ങൾക്കു വെളിപ്പെടുവാനുള്ള സമാഗമനകൂടാരം .......... അവിടെ ഞാൻ ഇസ്രായേൽ മക്കൾക്കു വെളിപ്പെടും' (പുറ. 29: 43). ഇതല്ലാതെ അവർക്ക് മററ് ഒരു ദൈവികമന്ദിരവും ഉണ്ടായിരുന്നില്ല.

നിഴലായ സഭയിൻകൂടാരത്തിന്റെ പൊരുളായ വിശുദ്ധസഭയും ഒന്നുമാത്രം ആകുന്നു. പുതിയ നിയമത്തിൽ ഓരോ പ്രദേശത്തു കൂടുന്ന ഉപസഭകളെ പ്രാദേശികപേരിൽ സഭ (Church) എന്നു പറയുന്നു. (ആസ്യയിലെ ഏഴുസഭകൾ (വെളി. 1:4; 2: 1, 8) എങ്കിലും അവയെല്ലാം ഏകസഭയുടെ (Church) ഉപവിഭാഗങ്ങൾ മാത്രമാണ്. ക്രിസ്തീയസഭ രണ്ടില്ല, ഒന്നു മാത്രമേ ഉള്ളു. 'പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു' (റോമ. 12: 5). 'നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രെ' (ഗലാ. 3: 28). 'ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും ആകും' (യോഹ. 10: 16). 'ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, ദൈവവും പിതാവും ആയവൻ ഒരുവൻ' (എഫെ. 4: 4–6). അതിനാൽ പാപപരിഹാരം ലഭിച്ച ദൈവികസംസർഗ്ഗം ആഗ്രഹിക്കുന്നവൻ പരിശുദ്ധസഭയിൽ വരണം. 'ജീവനുള്ള ദൈവത്തിന്റെ ദൈവാലയം' ആകുന്നു അതു് (1 തീമോ. 3:15). ഈ ദൈവാലയത്തെപ്പററി 'എല്ലാററിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമാകുന്ന സഭ' എന്നും പറയുന്നു (എഫെ. 1:23).

സഭയിൻകൂടാരത്തിൽ ഒന്നു മാത്രം ഉള്ള ഓരോന്നിനെപ്പററി പ്രത്യേകം പഠിക്കുവാനുണ്ടെങ്കിലും അതിൽ ഒന്നായ ഏകവാതിലിനെപ്പററി ഈ അവസരത്തിൽ ചിന്തിച്ചു കടന്നുപോകുന്നതു് പ്രയോജനം എന്നു ഞാൻ വിചാരിക്കുന്നു.

FOR FAVOURS RECEIVED



Chacko pillai, Kolencherry. Sosamma Varghese, Kunnamkulam. Beenamol, Renukoot. T. V. Chacko, Nicobar Islands.



ഏകവാതിൽ. സഭയിൻകൂടാരത്തിൽ പ്രവേശിക്കുന്നതിന് ഒരേ ഒരു വാതിൽ മാത്രമെ ഉണ്ടായിരുന്നുള്ളു (പുറ. 40: 30). ആ വാതിലിൽകൂടി പ്രവേശിക്കാത്ത ഒരുത്തനും സഭയിൻകൂടാരത്തിൽ പ്രവേശിക്കുന്നതിനൊ, ബലിശുശ്രൂഷകളിലും ആരാധനകളിലും പങ്കെടുക്കുന്നതിനൊ, കൃപാസനത്തിലേക്ക് അടുത്തു ചെല്ലുന്നതിനൊ സാദ്ധ്യമല്ലായിരുന്നു. സഭയിൻകൂടാരം ക്രിസ്തുയേശുവിന്റെ ശരീരമാകുന്ന വിശുദ്ധ സഭയെ ദൃഷ്ടാന്തപ്പെടുത്തുന്നു എന്ന് മുമ്പു പറഞ്ഞിട്ടുണ്ട്. യേശുക്രിസ്തുവിന്റെ രക്ഷാകരമായ നാലുവിധശരീരങ്ങളെപ്പററി വേദപുസ്തകത്തിൽ വായിക്കുന്നു.

i) മർത്ത്യശരീരം അഥവാ മനുഷ്യാവതാരം. ഇതു സർവ്വലോകങ്ങളുടെയും രക്ഷയ്ക്കുവേണ്ടി ജഡമെടുത്ത ശരീരം ആകുന്നു (യോഹ. 1: 14)..

ii) അമർത്ത്യശരീരം അഥവാ പുനരുത്ഥാന ശരീരം. ഇതു് വിശ്വാസികളെ പുനരുത്ഥാനജീവിതത്തിൽ നിലനിറുത്തി കൃപാസനത്തിലേക്ക് കൊണ്ടുവരുന്നു (എബ്രാ. 9: 11, 12).

iii) സഭയാകുന്ന ശരീരം. ഇതു വിശ്വാസികൾ യേശുക്രിസ്തുവുമായുള്ള സംസർഗ്ഗം നിലനിറുത്തി ക്രിസ്തുയേശുവിന്റെ രക്ഷാകരമായ രഹസ്യങ്ങളിൽ സംബന്ധിക്കുന്നതാകുന്നു. (എഫെ. 3: 6, 7; 4: 11–13).

iv) നൽകപ്പെട്ട ശരീരം. ഇതു് വിശ്വാസികൾക്ക് നിത്യജീവനെ പ്രദാനം ചെയ്യുന്നു (മത്താ. 26: 26; 1 കോരി. 11: 24; യോഹ. 6: 54–56).

സഭയിൻകൂടാരത്തിലേക്ക് പ്രവേശിക്കുന്നതിന് ഏകവാതിൽമാത്രം ആയിരുന്നതുപോലെ പരിശുദ്ധ സഭയാകുന്ന സഭയിൻകൂടാരത്തിലേക്ക പ്രവേശിക്കുന്നതിനുള്ള ഏകവാതിൽ മുൻപറഞ്ഞ 1–ാമത്തെ മർത്ത്യശരീരത്തിൽനിന്നും 2–ാമത്തെ അമർത്ത്യശരീരം പ്രാപിക്കുന്ന ഘട്ടമായ ക്രിസ്തുയേശുവിന്റെ കബറടക്കം ആകുന്നു. അതിനെക്കുറിച്ച് നമ്മുടെ കർത്താവ് ഇപ്രകാരം പറയുന്നു: 'ഞാൻ വാതിൽ ആകുന്നു' (യോഹ. 10: 8, 9). സഭയിൻകൂടാരത്തിലെ ഓരോന്നും ക്രിസ്തുയേശുവിന്റെ രക്ഷാകരമായ രഹസ്യങ്ങളെ ചൂണ്ടിക്കാണിക്കുന്നു. അതിനാൽ സഭയിൻകൂടാരത്തിലെ ഓരോന്നിനെപ്പററിയും പഠിക്കുമ്പോൾ ക്രിസ്തുയേശുവിന്റെ മനുഷ്യാവതാരരഹസ്യങ്ങളുടെ ഓരോഘട്ടംവഴി വിശ്വാസികൾക്ക് അനുഭവമാകുന്ന രക്ഷയെപ്പററി അത്രെ നാം പഠിക്കുന്നതു്. മനുഷ്യാവതാരംചെയ്ത് ക്രൂശിൽ മരിച്ചവനായ ക്രിസ്തു കബറടക്കപ്പെട്ട് ഉയിർത്തെഴുന്നേററു എന്നുള്ള സംഗതികളിൽ കബറടക്കപ്പെട്ട മനുഷ്യാവതാരരഹസ്യമാണ് വാതിൽ എന്നു പറയുന്നതു്. ഞാൻ വാതിൽ ആകുന്നു എന്ന് യേശുക്രിസ്തു പറയുമ്പോൾ ക്രിസ്തുയേശുവിന്റെ മനുഷ്യാവതാരരഹസ്യങ്ങളിൽ ഒന്നായ കബറടക്കം ആകുന്നു വാതിൽ എന്നും, ആ വാതിൽവഴി തൊഴുത്തിൽ (സഭയിൽ) പ്രവേശിക്കണമെന്നും സ്പഷ്ടം. അതിനാലത്രെ ഓർത്തഡോക്സ് സുറിയാനിക്രിസ്ത്യാനികളുടെ ആണ്ടു തക്സായിൽ ക്രിസ്തുവിന്റെ കബറടക്കം 'എത്രയോ വിസ്മയനീയം' എന്ന് പല തവണ ഉരുവിട്ടുപറയുന്നതു്. 'തങ്ങളുടെ അവകാശത്തിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരും തള്ളപ്പെട്ടവരുമായവർക്ക് സ്വർഗ്ഗീയമണവറയുടെ വാതിൽ അതിനാൽ തുറക്കപ്പെട്ട ദൈവികകബറടക്കം എത്രയൊ വിസ്മയനീയം' (ആണ്ടുതക്സാ). യേശുക്രിസ്തുവിനോടു ചേരുന്നതിനുള്ള ഏകമാർഗ്ഗം അഥവാ ഏകവാതിൽ ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളി ആവുക എന്നുള്ളതാകുന്നു. ആത്മപദാർത്ഥസൃഷ്ടിയായ മനുഷ്യൻ പദാർത്ഥംവഴി പാപം ചെയ്തതിനാൽ പദാർത്ഥംവഴി ആത്മരക്ഷ പ്രാപിക്കുക എന്നുള്ളതാണ് മനുഷ്യാവതാരത്തിന്റെ പ്രധാന രഹസ്യം എന്ന് ഞാൻ എന്റെ ലേഖനപരമ്പരകളിൽ മുമ്പ് പ്രതിപാദിച്ചിട്ടുണ്ട്. ഇതുപോലെ ക്രിസ്തുവിന്റെ കബറടക്കത്തിൽ പങ്കാളിയാകുന്നതിന് ക്രിസ്തു നിയമിച്ചിരിക്കുന്ന ഒരു പ്രധാന രഹസ്യമാണ് വിശുദ്ധ സ്നാനം (മാമോദീസാ). ഇതിനെപ്പററി ഒരു ശരിയായ വിവരണം റോമാലേഖനം 6: 1–11 വരെയുള്ള വാക്യങ്ങളിൽ കാണാവുന്നതാണ്. അതിനാൽ സഭയിൻകൂടാരമാകുന്ന പരിശുദ്ധ സഭയിലേക്കുള്ള ഏക പ്രവേശനമാർഗ്ഗം വാതിൽ, വിശുദ്ധ മാമോദീസാ ആകുന്നു. വിശുദ്ധ മാമോദീസാമൂലം ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളി ആകുന്നു എന്നും ക്രിസ്തുവിനോടുകൂടെ കഴിച്ചിടപ്പെട്ടു എന്നും ക്രിസ്തുവിനോടുകൂടെ ചേർന്ന് ജീവന്റെ പുതുക്കത്തിൽ നടക്കുന്നു എന്നും പ്രസക്തഭാഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീണ്ടും ഇപ്രകാരം വായിക്കുന്നു: 'സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും... അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു' (കോല. 2: 12). ഇതത്രെ സഭയിൽ പ്രവേശിക്കുന്നതിനുള്ള ഏകമാർഗ്ഗം. സ്നാനം ഒന്നു മാത്രം (എഫെ. 4: 5). രണ്ടു സ്നാനം യേശു

ക്രിസ്തുവൊ വി. സഭയൊ അനുവദിച്ചിട്ടില്ല. ക്രിസ്തുവിന്റെ നാമത്തിൽ ഒരിക്കൽ സ്നാനപ്പെട്ടവൻ വീണ്ടും സ്നാനപ്പെടുക എന്നു പറഞ്ഞാൽ രക്ഷാകരമായ, ക്രിസ്തുയേശുവിന്റെ മനുഷ്യാവതാരത്തെ അവഗണിക്കുന്നു എന്നു സ്പഷ്ടം. ഇതിനെപ്പററി വി. പൗലൂസ് ഇപ്രകാരം പറയുന്നു. 'ഒരിക്കൽ സ്നാനം ലഭിച്ചിട്ട്...പിന്മാറിപ്പോയാൽ തങ്ങൾക്കുതന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു് ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു് അവരെ പിന്നെയും മാനസ്സാന്തരത്തിലേക്കു പുതുക്കുവാൻ കഴിയുന്നതല്ല' (എബ്ര. 6:4–6). ഇവിടെ സ്നാനം എന്ന വാക്കു് ചില ഭാഷാന്തരങ്ങളിൽ 'പ്രകാശനം' (Enlightened) എന്നു തർജ്ജിമ ചെയ്തിരിക്കുന്നു. സ്നാനത്തിനു് അക്കാലത്തു് ചില സ്ഥലങ്ങളിൽ പ്രകാശനം എന്നു് അർത്ഥം വരത്തക്ക പദം ഉപയോഗിച്ചിരുന്നതുകൊണ്ടാണു് അപ്രകാരം ഭാഷാന്തരം ചെയ്യുകാണുന്നതു്. എന്നാൽ സുറിയാനിയിൽ മാമോദീസ്സാ (സ്നാനം) എന്നുതന്നെ തർജ്ജിമ ചെയ്തിരിക്കുന്നു. സഭയിൻകൂടാരവാതിൽ വഴി എല്ലാ ഇസ്രായേൽ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും പ്രവേശനം ഉണ്ടായിരുന്നതുപോലെ (ആവ. 4: 10; 31 2; എസ്രാ. 10: 1) വിശുദ്ധസഭയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും സ്നാനംവഴി പ്രവേശനം നൽകുന്നു. ഇപ്രകാരം പ്രവേശിക്കുന്നവരെ ക്രിസ്തുയേശുവിന്റെ ആട്ടിൻപററമായി ഗണിക്കുന്നു. യോഹന്നാന്റെ സുവിശേഷം 10–ാം അദ്ധ്യായത്തിൽ കാണുന്ന തൊഴുത്തു് സഭയും, തൊഴുത്തിൽ കാണുന്ന ആട്ടിൻപററം ഇടയനായ ക്രിസ്തുവിന്റേതും ആകുന്നു. യോഹ. 21–ൽ ക്രിസ്തുവിന്റെ തൊഴുത്താകുന്ന സഭയിൽ ഉള്ള മൂന്നുതരം ആട്ടിൻപററത്തെ നാം കാണുന്നു. (1) കുഞ്ഞാടുകൾ 21: 15, (2) മുട്ടാടുകൾ 21: 16, (3) പെണ്ണാടുകൾ 21: 17. ഇതിൽ 17–ാം വാക്യം സുറിയാനിയിൽ പെണ്ണാടുകൾ എന്നു് സ്പഷ്ടമായി പറയുന്നുണ്ടു്. 21: 15–ാം വാക്യം വായിക്കുമ്പോൾ സഭയിൽ കുഞ്ഞാടുകൾ (കുട്ടികൾ) ഉണ്ടു് എന്നു ഗ്രഹിക്കാവുന്നതാണു്. സഭയിൽ ഉള്ള ആട്ടിൻപററമാകുന്ന സ്ത്രീകളെയും പുരുഷന്മാരെയും കുട്ടികളെയും മേയിക്കുന്നതിനുള്ള ചുമതല സഭയിലെ ഭാരവാഹികളിൽ സ്ഥിതിചെയ്യുന്നു. ഇപ്രകാരം ആബാലവൃദ്ധം എല്ലാവർക്കും സഭയാകുന്ന തൊഴുത്തിൽ പ്രവേശിക്കത്തക്കവിധമത്രെ സ്നാനം സ്ഥാപിച്ചിരിക്കുന്നതു്. 'വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിച്ചില്ലെങ്കിൽ ആക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴികയില്ല' (വി. യോഹ. 3: 5). ഇവിടെ ദൈവരാജ്യം എന്നു പറയുന്നതു് സഭയാകുന്നു. ആക്കും എന്ന പദം മലയാളത്തിലും തീസ് എന്ന പദം ഗ്രീക്കിലും ഉപയോഗിച്ചിരിക്കുന്നതു് സ്ത്രീപുരുഷആബാലവൃദ്ധത്തെ ഉൾക്കൊള്ളിച്ചുള്ള പദം ആകുന്നു. സ്നാനംവഴി സഭയിൽ പ്രവേശിക്കാത്ത ഒരുവനും സഭാചടങ്ങുകളിൽ സംബന്ധിക്കുന്നതിനോ കൃപാമാർഗ്ഗങ്ങളിൽ പങ്കുകൊള്ളുന്നതിനോ അവകാശമില്ല (അപ്പോ. പ്ര. 2: 41, 42, 47).

c) ഗോത്രസ്ഥിതം

മൂശ സ്ഥാപിച്ച സഭയിൻകൂടാരം പന്ത്രണ്ടു ഗോത്രങ്ങളാൽ കെട്ടപ്പെട്ടതാണു് (പുറ. 25: 1–29). സഭയിൻകൂടാരവും അതിലെ ആരാധനകളും ശുശ്രൂഷകളും സഭയിൻകൂടാരത്തിന്റെ നാലു ഭാഗങ്ങളിലും വസിക്കുന്ന പന്ത്രണ്ടു ഗോത്രങ്ങളിൽനിന്നുള്ളവർക്കുവേണ്ടി ഉള്ളതായിരുന്നു. സഭയിൻകൂടാരത്തിനു ചുററും പന്ത്രണ്ടു ഗോത്രങ്ങളെ പ്രതിനിധീകരിച്ചു് പൗരോഹിത്യപാളയവും അതിനു ചുററും പന്ത്രണ്ടു ഗോത്രങ്ങളും വസിച്ചിരുന്നു.

യേശുക്രിസ്തു സ്ഥാപിച്ച പരിശുദ്ധ സഭയുടെ (മത്താ. 16: 18) അടിസ്ഥാനം പന്ത്രണ്ടു് അപ്പോസ്തോലന്മാർ ആണു്. 'നഗരത്തിന്റെ മതിലിനു് പന്ത്രണ്ടു് അടിസ്ഥാനവും, അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു് അപ്പോസ്തോലന്മാരുടെ പേരുകളും ഉണ്ടു്' (വെളി. 21: 14). 'ക്രിസ്തു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു' (എഫേ 2: 20). ക്രിസ്തീയസഭയുടെ പ്രാരംഭപ്രവർത്തകരും വളർച്ചയ്ക്കായി പ്രവർത്തിച്ചവരും പന്ത്രണ്ടു് അപ്പോസ്തോലന്മാർ ആണു് (ലൂ. 9: 1–11; മത്താ. 28: 18–20; അപ്പോ. പ്ര. 1: 8). യേശുക്രിസ്തുവും തന്റെ പരിശുദ്ധ അപ്പോസ്തോലന്മാരും സഭയ്ക്കു നൽകിയിരിക്കുന്ന അടിസ്ഥാന വിശ്വാസോപദേശാചാരങ്ങളിൽ സഭ നിലകൊള്ളുന്നു (അപ്പോ. പ്ര. 2: 42; 2 തെസ്സ. 2: 15; 2 തീമോ. 2: 16–17) ഇതുകൊണ്ടാണു് വിശുദ്ധ സഭയെ അപ്പോസ്തോലികം (ശ്ലൈഹികം) എന്നു വിളിക്കുന്നതു്.

d) പൊതുവായതു്

സഭയിൻകൂടാരം ഇസ്രായേൽമക്കളുടെ പൊതുവായ കൂടാരം ആണു്. ഓരോ കുടുംബത്തിനും താമസിക്കുന്നതിനു് ഓരോ കൂടാരം ഉണ്ടായിരുന്നു എങ്കിലും എല്ലാവർക്കുംകൂടി പൊതുവായ ഒരു കൂടാരം ഇതുമാത്രമായിരുന്നു. അതിൽ വർഗ്ഗവ്യത്യാസമൊ സ്ഥിതിവ്യത്യാസമൊ അവകാശമായിരുന്നില്ല.

വി. സഭയും പൊതുവായ ഒന്നാണു്. അതിൽ വർഗ്ഗീയതയൊ സ്ഥിതിവ്യത്യാസമൊ ഇല്ല. 'ദൈവം ശുദ്ധീകരിച്ചതിനെ നീ മലിനം എന്നു വിചാരിക്കരുതു്' (അപ്പോ. പ്ര. 10: 15). ലോകത്തിൽ ഉള്ള നാലു ഭാഗങ്ങളിലും ഉള്ളവർക്കു ജാതിമതഭേദമെന്യെ അതിൽ പ്രവേശിച്ചു് ആരാധന നടത്താവുന്നതാണു് (അപ്പോ. പ്ര. 1: 8; മർക്കൊ. 16: 15; യോഹ. 10: 16) അതിനാൽ വി. സഭയെ പൊതുവിന്നടുത്തതു് അഥവാ കാതോലികം എന്നു പറയുന്നു.

(തുടരും)

F O R F A V O U R S R E C E I V E D



A FIRM BELIEVER, NAGAPUR.



ബാലരംഗം

## യേശുനാഥന്റെ പൂന്തോട്ടം

കുഞ്ഞനുജന്മാരെ........ കുഞ്ഞനുജത്തിമാരെ,

കുഞ്ഞിച്ചായൻ പറഞ്ഞുകഴിഞ്ഞ കഥകൾ എല്ലാം നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ?

എത്രയെത്ര കഥാപാത്രങ്ങളും ആയി നമ്മൾ പരിചയപ്പെട്ടു. പ്രഭാതപുഷ്പത്തെപ്പോലെ പരിശുദ്ധയായ കുഞ്ഞുറാണി, പനിനീർപ്പൂവിന്റെ ഭംഗിയുള്ള കുഞ്ഞുമേരി, കൊക്, കൊക് പാടിനടക്കുന്ന മദാമ്മക്കോഴി, കിയാം കിയാം പാടിനടക്കുന്ന കോഴിക്കുഞ്ഞുങ്ങൾ, തലയിൽ വെള്ളിക്കിരീടം അണിഞ്ഞ വല്യമ്മച്ചി, പാട്ടുപാടുന്ന ആട്ടിടയൻ, കുത്താടിക്കളിക്കുന്ന കുഞ്ഞാടുകൾ, ദൈവദൂതനെപ്പോലെ സുന്ദരനായ ആഞ്ജലോ...എല്ലാവരും നിങ്ങളുടെ കൺമുമ്പിലൂടെ ഒരു ജാഥാ നടത്തിപ്പോകയാണു്; ഇല്ലേ?

'മലങ്കരസഭ'യുടെ പഴയ ലക്കങ്ങൾ നിങ്ങൾ നഷ്ടപ്പെടുത്തരുതേ. ബാലരംഗത്തിലൂടെ നിങ്ങൾ പരിചയപ്പെട്ട ആ കഥാപാത്രങ്ങളെ നിങ്ങൾക്കെപ്പോൾവേണമെങ്കിലും മാസികകൾ തുറന്നുകാണാമല്ലോ.

മജ്നു എന്ന പേരുള്ള ഒരു ബാലന്റെ കഥയാണു് ഈ പ്രാവശ്യം കുഞ്ഞിച്ചായൻ പറയാൻ ആഗ്രഹിക്കുന്നതു്.

മോഹനനും, മജ്നുവും ജ്യേഷ്ഠാനുജന്മാരാണു്. പണവും പ്രശസ്തിയും ഉള്ള ഒരു കുടുംബത്തിലാണവർ ജനിച്ചതു്.

മോഹനനും, മജ്നുവും കൊച്ചുകുട്ടികളായിരിക്കുമ്പോൾതന്നെ അവരുടെ അപ്പച്ചൻ മരിച്ചുപോയിരുന്നു. ഒരു വലിയ ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. അവർ അവരുടെ അപ്പച്ചനെ 'ഡാഡി' എന്നാണു് വിളിച്ചിരുന്നതു്.

അവരുടെ 'ഡാഡി'യുടെ ജ്യേഷ്ഠന്മാരിൽ ഒരാൾ ഒരു പുരോഹിതനാണു്. അദ്ദേഹത്തെ അവർ 'അച്ചനപ്പച്ചൻ' എന്നാണു് വിളിക്കുക.

'ഞാൻ അച്ചനപ്പച്ചനെപ്പോലെ ഒരു വൈദികൻ ആയിത്തീരും' മോഹനൻ സാധാരണ പറയും.

'ഞാൻ ഡാഡിയെപ്പോലെ ഒരു വലിയ ഉദ്യോഗസ്ഥനായിത്തീരും' മജ്നു അപ്പോൾ പറയും.

# മണലാരണ്യത്തിലെ മഹർഷിമാർ

(തുടർച്ച)

(ഫാദർ പി. വി. ജോസഫ് എം. ഏ., എറണാകുളം)

## സന്യാസസങ്കേതങ്ങൾ

നാലാംനൂററാണ്ടിലെ സന്യാസസങ്കേതങ്ങൾ ഈജിപ്പ്, അറേബ്യാ, പലസ്തീൻ എന്നീ നാടുകളായിരുന്നു. ഇവയിൽ ഈജിപ്റ്റായിരുന്നു മുൻപന്തിയിൽ നിന്നിരുന്നത്. വടക്കൻ ഈജിപ്റ്റിൽ നൈടിയ, സിറെറാ എന്നീ സ്ഥലങ്ങളും, നീലനദിയുടെ പടിഞ്ഞാറുഭാഗങ്ങളും ഡെൽററാകളും, നീലനദിയുടെ തീരം വിട്ട് ഉൾപ്രദേശത്തേക്കു മാറി സ്ഥിതിചെയ്യുന്ന തീബ്സി (Thebes) ൻെറ പ്രാന്തപ്രദേശങ്ങളുമായിരുന്നു. സിറെറാ (Seeto) എന്ന സ്ഥലത്തേക്കു് നൈടിയായിലെ ആശ്രമങ്ങളിൽനിന്നു് ഒരു പകലും ഒരു രാത്രിയും യാത്രചെയ്യേണ്ട ദൂരമുണ്ടു്, വലിയ മരുഭൂമിയുടെ മദ്ധ്യത്തിൽ. അങ്ങോട്ടു വഴിച്ചാലുകളോ വഴിയറിഞ്ഞു യാത്രചെയ്യാൻ തക്ക ചിഹ്നങ്ങളോ ഉണ്ടായിരുന്നില്ല. രാത്രികാലങ്ങളിൽ നക്ഷത്രത്തെനോക്കിക്കൊണ്ടാണു് അങ്ങോട്ടുള്ളവഴി നിശ്ചയിച്ചിരുന്നതും യാത്രചെയ്തിരുന്നതും. വഴിക്കു വെള്ളംകിട്ടാൻ വളരെ പ്രയാസമായിരുന്നു. നല്ല നിശ്ചയദാർഢ്യവും സ്ഥിരചിത്തതയുമുള്ളവർക്കേ അവിടെ ജീവിക്കുവാൻ പററു. പരസ്പരം സ്നേഹവാത്സ്യങ്ങൾ പൊഴിച്ചുകൊണ്ടു ജീവിക്കുകയെന്നുള്ളതായിരുന്നു അവരുടെ പതിവു്. മറെറാരു സ്ഥലമാണു് സെലിയ (Cellia). സന്യാസജീവിതത്തിൻെറ ആദ്യപടിയിലെ പരിശീലനങ്ങൾ കഴിഞ്ഞു കുറെക്കൂടി ഏകാന്തത വേണമെന്നാഗ്രഹിക്കുന്നവർ അവിടെ താമസിച്ചിരുന്നു. ഈ മരുപ്രദേശം വളരെ വിസ്തൃതമാണു്. ഒരു സെല്ലു്, മറെറാരു സെല്ലിൽനിന്നു കാണുവാനോ വിളിച്ചാൽ വിളി കേൾക്കുവാനോ സാദ്ധ്യമല്ലാത്തത്ര ദൂരത്തിലായിരുന്നു. ഒററയ്ക്കൊററയ്ക്കു് ഈ സെല്ലുകളിൽ അവർ താമസിച്ചിരുന്നു. ശ്മശാനമൂകത അവിടെ തളംകെട്ടിനിന്നു. ശനിയാഴ്ചയും ഞായറാഴ്ചയും അവർ എല്ലാവരും വി. കർബ്ബാനയിൽ സംബന്ധിപ്പാൻ ഒരുമിച്ചുകൂടും; തമ്മിൽ കാണും. ആരെങ്കിലും വന്നിട്ടില്ലെങ്കിൽ എന്തെങ്കിലും അസുഖം പിടിപെട്ടിരിക്കുമെന്നുള്ളതുകൊണ്ടു് അവരോരുത്തരും ഓരോ സന്ദർഭങ്ങളിലായി അവിടെ ചെല്ലും. വെറുംകൈയ്യായി പോവുകയില്ല. ആ സഹോദരനു കൊടുക്കത്തക്കവണ്ണം എന്തെങ്കിലും കൊണ്ടുപോകും. യാതൊരു കാരണവശാലും ആരും തങ്ങളുടെ അയല്ക്കാരൻെറ ശാന്തതയേയും മൌനത്തേയും ഭഞ്ജിച്ചിരുന്നില്ല.

## ആബട്ടുകളും നോവീസുകളും

മരുഭൂമിയിലെ പിതാക്കന്മാരെയെല്ലാം ആബട്ട്സ് (Abbots) അബാസ്–പിതാവു് – അല്ലെങ്കിൽ Elder, ഗുരു എന്നൊക്കെയാണു വിളിച്ചിരുന്നതു്. ഈ നേതാക്കന്മാരെ ആരും അസംബ്ളികൂടി തെരഞ്ഞെടുക്കുകയല്ല ചെയ്തിരുന്നതു്. പിന്നീടുള്ള പല സന്യാസസമൂഹങ്ങളിലും ഇപ്പോൾ നിലവിലുള്ള പല ആശ്രമങ്ങളിലും മേധാവിയെ തെരഞ്ഞെടുക്കുന്നതു് അസംബ്ളികൂടിയാണു്. എന്നാൽ അവരുടെ സംഗതിയിൽ, അനേക വർഷങ്ങളായി സന്യാസജീവിതത്തിൻെറ ഉരുക്കുമൂശയിൽ കിടന്നു പരിശീലനം സിദ്ധിച്ചവരുടെ കീഴിൽ അനേകം ചെറുപ്പക്കാർ ഉപദേശത്തിനും പരിശീലനത്തിനുമായി വന്നുകൂടുകയായിരുന്നു. അവരുടെ കീഴിൽ പരിശീലനം നടത്തുന്നവരെ സഹോദരങ്ങൾ (Brothers) എന്നും നോവീസുകൾ എന്നും വിളിച്ചിരുന്നു. പരിചയസമ്പ

---

കൊച്ചനുജന്മാരേ.. അനുജത്തിമാരേ, നമ്മിൽ പലരും സമയം വൃഥാ നഷ്ടപ്പെടുത്തുന്നവരല്ലേ? തമാശ പറഞ്ഞു രസിക്കുന്നതും, കൂട്ടുകാരോടൊത്തു് ഉത്സാഹമായി കളികളിൽ പങ്കെടുക്കുന്നതും കുഞ്ഞിച്ചായനു സന്തോഷമാണു്. പക്ഷേ കൃത്യനിഷ്ഠയോടെ ജീവിതത്തെ ക്രമീകരിക്കണം. നല്ല നല്ല പുസ്തകങ്ങൾ വായിക്കാനും അവയെക്കുറിച്ചു ചിന്തിക്കാനും കുറേസമയം വേർതിരിക്കണം.

മജ്നുവിനെപ്പോലെ ഒരു ടൈംടേബിൾ നമുക്കും ഉണ്ടാക്കണം. വളരെകാര്യങ്ങൾ നമുക്കു ചെയ്യുവാനുണ്ടു്. സഭയ്ക്കുവേണ്ടി...രാജ്യത്തിനുവേണ്ടി....കുടുംബത്തിനുവേണ്ടി...എല്ലാം.... എല്ലാം...

മജ്നുവിനെപ്പോലുള്ള കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

എല്ലാ നന്മകളുംനേർന്നുകൊണ്ടു്,

**സ്വന്തം കുഞ്ഞിച്ചായൻ**



ന്നരായ പിതാക്കന്മാരിൽ (ആബട്ട്സ്) നിന്നു് അവരുടെ ജീവിതചര്യകളും വ്രതാനുഷ്ഠാനങ്ങളും കണ്ടും കേട്ടും പഠിച്ചിരുന്നവരാണു് ഈ നോവീസുകൾ. കോപത്തിനോ ജഡവികാരങ്ങൾക്കോ അഹങ്കാരത്തിനോ അവരെ സ്വാധീനിക്കാൻ എളുപ്പമല്ലായിരുന്നു. എവിടെയെങ്കിലും അല്പം അശ്രദ്ധ സംഭവിച്ചാൽമതി അത്തരം വീഴ്ചകൾക്കു്, തപോനിഷ്ഠമായ പ്രായശ്ചിത്തങ്ങൾക്കു് അവർ വിധേയപ്പെട്ടിരുന്നു. നോവീസുകളെല്ലാം വേറിട്ടു് ഒററയ്ക്കാണു താമസമെങ്കിലും വി. കർബ്ബാനയ്ക്കും നമസ്ക്കാരത്തിനുമായി ഒരുമിച്ചുകൂടും. അതുകഴിഞ്ഞു് എല്ലാവരും ഒരുമിച്ചുതന്നെ ഭക്ഷണംകഴിക്കും. അവരുടെ സമൂഹകാര്യങ്ങളെപ്പററി വളരെ ശാന്തമായി സംസാരിക്കും. അതിനുശേഷം ഓരോരുത്തരും തങ്ങളുടെ ഏകാന്തവസതികളിലേക്കു പ്രാർത്ഥനയ്ക്കും ജോലിക്കുമായി മടങ്ങിപ്പോകും.

## ജീവിതചര്യ

അവർ സ്വന്തം പ്രയത്നഫലംകൊണ്ടാണു് ഉപജീവനം കഴിച്ചിരുന്നതു്. ഓലകൊണ്ടും ഞാങ്ങണ കൊണ്ടും കൊട്ട, വട്ടി, പായ് മുതലായവ ഉണ്ടാക്കി അടുത്തുള്ള പട്ടണങ്ങളിൽ കൊടുത്തയച്ചു് വിററു കിട്ടുന്നതുകൊണ്ടുപജീവിക്കും. ധർമ്മത്തിനും അതിഥിസല്ക്കാരത്തിനും മുൻഗണനയുണ്ടു്. കഠിനഉപവാസവും കടുത്തസന്യാസനിഷ്ഠയും നിഷ്കൃഷ്ടമായി പാലിച്ചിരുന്നു. അവർ സ്നേഹസമ്പന്നന്മാരും, അവരുടെ പെരുമാററം സൗഹൃദംനിറഞ്ഞതുമായിരുന്നു. സ്നേഹം പരസ്പരധാരണ, ദയ, വിവേകം എന്നീ ഗുണവിശേഷങ്ങൾ പട്ടണവാസികളിലും, പൊതുവേ സംസ്ക്കാരസമ്പന്നരെന്നു് പറയാവുന്നവരിലും ഉണ്ടായിരുന്നതിനെക്കാൾ അനേകമടങ്ങു കൂടുതൽ ഈ മരുഭൂവാസികളിലാണു കണ്ടിരുന്നതു്.

## സമ്പത്തു്

ഈ പിതാക്കന്മാരുടെ വാക്കുകളിലെല്ലാം മുഴങ്ങിക്കേട്ടിരുന്നതു് സ്നേഹത്തിൻെറ ആഹ്വാനമായിരുന്നു. അദ്ധ്യാത്മജീവിതത്തിൽ സ്നേഹത്തിനുള്ള പ്രഥമ സ്ഥാനത്തെക്കുറിച്ചായിരുന്നു അവരുടെ സുവിശേഷം. സ്നേഹംതന്നെയാണു് ആത്മീയജീവിതം; അതില്ലെങ്കിൽ മറെറല്ലാ ആത്മീയപ്രയത്നങ്ങളുംഫലശൂന്യങ്ങളാണു്. സ്നേഹം മൃദുലമോഹനമായ ഒരു മാനസികവികാരവിശേഷം എന്ന നിലയിലായിരുന്നില്ല, പിന്നെയോ, ആന്തരികവും ആത്മികവുമായി തൻെറ സമസൃഷ്ടങ്ങളോടു താദാത്മ്യം പ്രാപിക്കുന്നവിധത്തിലാണു് അവരെ ഭരിച്ചിരുന്നതു്. തനിക്കുവേണ്ടി എങ്ങനെയോ അതേപ്രകാരം തന്നെ–ഒട്ടും കുറവുകൂടാതെ–തൻെറ സഹോദരനെ കാണുകയും പെരുമാറുകയും ചെയ്യുന്നതായിരുന്നു അവരുടെ സ്നേഹത്തിൻെറ വ്യാപാരം. സ്വന്തം സുഖസൗകര്യങ്ങളെ അപരനുവേണ്ടി സന്ത്യജിക്കുന്നതിനുകൂടെയും ഈ സ്നേഹം അവരെ പ്രചോദിപ്പിച്ചിരുന്നു. ആരെ സ്നേഹിക്കുന്നുവോ ആ വ്യക്തിയായി നാംതന്നെ മാറുകയാണു്. നാം നമുക്കുതന്നെ മരിച്ചവരായിത്തീരുന്നുവെന്നുള്ളതാണു് സാരം.

## ശക്തിദുർഗ്ഗം

ഈ മരുഭൂവാസത്തിൻെറ ശക്തിദുർഗ്ഗം അവരുടെ പ്രാർത്ഥനാജീവിതമായിരുന്നു. സങ്കീർത്തനവും വിശുദ്ധ വേദപുസ്തകത്തിലെ ഇതര ഭാഗ

FOR FAVOURS RECEIVED ഉപകാരസ്മരണയ്ക്കു്



A Firm! Believer, Nagpur. മറിയാമ്മമാത്യ, കടവിൽപീടികയിൽ, പുത്തൻകാവു്. M. Y. Idikki. താമസിച്ചതിൽക്ഷമാപണം

ങ്ങളും മുടങ്ങാതെ ജപിച്ചുകൊണ്ടിരിക്കുക അവരുടെ പതിവാണ്. ചിലപ്പോൾ ചില വാക്യങ്ങൾ മാത്രമായിരിക്കും ഉരുവിടുക. അധികസമയവും ചുങ്കക്കാരന്റെ യാചന—'ദൈവമേ, യേശുമിശിഹാ, മഹാപാപിയായ എന്നോടു കരുണ ഉണ്ടാകണമേ' എന്നുള്ള ഒററവാചകത്തിലുള്ള പ്രാർത്ഥന—ചൊല്ലിക്കൊണ്ടിരിക്കും. സങ്കീർത്തനം മുഴുവനും മനഃപാഠമാക്കിയിട്ടുള്ളവരായിരുന്നു അവരെല്ലാവരും.

### അനുഭവസമ്പന്നരായ ചില താപസന്മാർ

വലിയ സിദ്ധന്മാരും ലളിതജീവിതം നയിച്ചവരുമായ പല പിതാക്കന്മാരെയും നമുക്കു കാണുവാൻ കഴിയും. അവരിൽ മുമ്പനാണ് താപസനായ വി. പൗലൂസ്. വി. പൗലൂസിനെ വി. അന്തോനിയോസ് ഒരിക്കലെ കണ്ടിട്ടുള്ളു. മഹാനായ അത്താനാസ്യോസ് അന്തോനിയോസിന്റെ ചരിത്രം എഴുതിയിട്ടുണ്ട്. അതു റോമൻസാമ്രാജ്യത്തിലുടനീളം സന്യാസജീവിതത്തിലേക്കുള്ള അഭിനിവേശം ജനിപ്പിക്കുന്നതിനു സഹായിച്ചു. പക്കോമിയോസ്, മക്കാറിയോസ് തുടങ്ങിയ മഹാശ്രേഷ്ഠന്മാരും ഉണ്ടായിരുന്നു.

അർസേനിയോസ് എന്ന സിദ്ധൻ കോൺസ്റ്റാൻറിനോപ്പിളിൽനിന്നും മരുഭൂമിയിൽ വന്ന പാത്രആളാണ്. അദ്ദേഹത്തിന്റെ മുഖം കാണുവാൻ ആരെയും അനുവദിച്ചിരുന്നില്ലത്രെ. ഒരിക്കൽ അർസേനിയോസിന്റെ സെല്ലിന്റെ അടുത്തുചെന്ന് ഒരു ശിഷ്യൻ ജനൽവഴി അകത്തേക്കു നോക്കുമ്പോൾ അർസേനിയോസ് നിന്നു പ്രാർത്ഥിക്കുന്നു. അദ്ദേഹം ഒരു തീജ്വാലപോലെയാണു കാണപ്പെട്ടത്.

'യൗസേഫ് പാംബോ' എന്ന പിതാവ് എഴുന്നേററുനിന്ന് ഉയരത്തിലേക്ക് കൈകൾ ഉയർത്തിപ്പിടിച്ചു പ്രാർത്ഥിക്കുമ്പോൾ തന്റെ പത്തു കൈവിരലുകളും പത്ത് അഗ്നിനാളങ്ങൾ പോലെ കാണപ്പെട്ടു. ആബോ സിൽവാനസിന്റെ ശിഷ്യൻ സഖറിയാ അദ്ദേഹത്തെ കാണാൻ ചെന്നപ്പോൾ അദ്ദേഹം കൈകൾ ഉയർത്തിപ്പിടിച്ച് ധ്യാനനിരതനായി കാണപ്പെട്ടതുകൊണ്ട് മടങ്ങിപ്പോന്നു. ആറാംമണിസമയത്തും ഒൻപതാംമണി സമയത്തും ചെന്നപ്പോൾ ആ കാഴ്ചതന്നെയാണു കണ്ടത്. പിന്നെയും മണിക്കൂറുകൾ കഴിഞ്ഞു ചെന്നപ്പോൾ അദ്ദേഹം കിടക്കുന്നു. ശിഷ്യൻ വാതിൽ മുട്ടിത്തുറന്ന് അകത്തു കയറി വിവരം ചോദിച്ചപ്പോൾ പറഞ്ഞു: 'ഞാൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ദൈവത്തിന്റെ മഹത്വം കണ്ടു ഞാൻ ഇതേവരെയും അവിടെയായിരുന്നു. ഇപ്പോൾ മാത്രമാണ് അവിടെനിന്നു പോരുവാൻ സാധിച്ചത്''.

ആബട്ട് പാസ്റ്റർ ഈ കൂട്ടത്തിൽപെട്ട ഒരാളാണ്. അദ്ദേഹത്തിന്റെ വചനങ്ങളെല്ലാം താഴ്മയുടെ പ്രായോഗികവശങ്ങൾ ഉൾക്കൊള്ളുന്നവയും മനുഷ്യരുടെ ബലഹീനതകളെ മനസ്സിലാക്കിക്കൊണ്ടുള്ളവയും ആയിരുന്നു. മഹാനായ ഒരു വ്യക്തി ഒരിക്കൽ അദ്ദേഹത്തോട് സംസാരിക്കാൻ വന്നു. അധികം സംസാരിക്കാൻ അനുവദിച്ചില്ല. എന്തുകൊണ്ട് എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിപ്രകാരമാണ്:—'ആത്മാവിന്റെ ദുരിതത്തെക്കുറിച്ചോ കഷ്ടതകളെക്കുറിച്ചോ ചോദിച്ചിരുന്നെങ്കിൽ എന്തെങ്കിലും പറയാമായിരുന്നു. എന്നാൽ ആത്മീയകാര്യങ്ങളെക്കുറിച്ച് ഇത്രയും മഹാനായ ഒരു വ്യക്തിയോടു സംസാരിപ്പാൻ ഞാൻ അറിവില്ലാത്തവനാണ്''.

ആബോ സീസ്സോയെസ് (Sisoes) വേറൊരു പിതാവാണ്. അദ്ദേഹത്തോട് ഒരു ചെറുപ്പക്കാരൻ പറഞ്ഞു: 'എന്റെ മനസ്സ് എപ്പോഴും ദൈവത്തോടുകൂടെയിരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്''. അതിനു പരിശുദ്ധൻ നൽകിയ മറുപടി 'നിന്റെ മനസ്സ് ദൈവത്തോടുകൂടെയിരിക്കുന്നു എന്നു പറയുന്നതിനു വലിയ അർത്ഥമൊന്നുമില്ല. എന്നാൽ ദൈവത്തിന്റെ സൃഷ്ടികളിൽ ഏതൊന്നിനെക്കാളും ഞാൻ ചെറിയവനാണ് എന്നറിയുന്നതാണ് വലിയ കാര്യം'. ഇങ്ങനെയുള്ള പിതാക്കന്മാരുടെ ജീവിതവും പ്രവൃത്തികളും ലോകത്തിന് വ്യതിയാനംവരുത്തുവാൻ പര്യാപ്തമായിരുന്നു. അവരുടെ താഴ്മ, സൗമ്യത തുടങ്ങിയ സ്വഭാവവിശേഷങ്ങൾ പിൽക്കാലതലമുറയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു. അവയത്രെ അവർ ചെയ്തിട്ടുള്ള അത്ഭുതങ്ങളെയും അടയാളങ്ങളെയുംകാൾ കൂടുതലായി അവരുടെ സമകാലീനന്മാരെ ആകർഷിച്ചിട്ടുള്ളത്.

ഈ പിതാക്കന്മാരുടെ ചുരുങ്ങിയ ചരിത്രങ്ങളും അവരുടെ വചനങ്ങളും അറിയുന്നതും വായിക്കുന്നതും നമ്മുടെ ജീവിതത്തെ ശരിപ്പെടുത്തുന്നതിന് വളരെയേറെ സഹായിക്കുന്നതാണ്.



# പശ്ചിമജർമ്മനിയിലെ സെമിററികൾ

## അനുകരണീയങ്ങളായ ചില പ്രത്യേകതകൾ

(മിസ്സ് പി. എസ്. മറിയക്കുട്ടി, വെസ്റ്റ്ജർമ്മനി)

എത്ര മനോഹരങ്ങളാണെന്നോ പശ്ചിമജർമ്മനിയിലെ സെമിററികൾ. ഇവിടെയുള്ള പാർക്കിൽ പോകുന്നതിനെക്കാൾ സന്തോഷം തോന്നുന്നു സെമിററിയിൽപോയിരിക്കാൻ. നല്ല ശാന്തമായ അന്തരീക്ഷം. ധാരാളം ആളുകൾ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ശവകുടീരങ്ങൾ കാണാൻ വന്നുംപോയുംകൊണ്ടിരിക്കും. എങ്കിലും യാതൊരൊച്ചപ്പാടുമില്ല. നല്ല ചെറുവൃക്ഷങ്ങളും, പൂവിട്ടുനില്ക്കുന്ന ചെടികളും, ലതാനികുഞ്ജങ്ങളും, മണൽവിരിച്ചനടപ്പാതകളും, സന്ദർശകർക്ക് വിശ്രമിക്കാൻ ചെറുവൃക്ഷത്തണലുകളിലുള്ള ബഞ്ചുകളുമൊക്കെക്കൂടി നല്ല ഉദ്യാനഭംഗിനിറഞ്ഞവയാണീ സെമിററികൾ. സാധാരണ പാർക്കുകളിൽ കേൾക്കാറുള്ള അട്ടഹാസങ്ങളോ പൊട്ടിച്ചിരികളോ ഇല്ല.

നാലു വശങ്ങളും നല്ല ബലമുള്ള കമ്പിവേലികെട്ടി സെമിററികൾ വേർതിരിച്ചിരിക്കയാണ്. ഒന്നു രണ്ടു ഗേററുകൾ കാണും. നമ്മുടെ നാട്ടിലെപ്പോലെ ഉയർത്തിക്കെട്ടിയ കല്ലറകളില്ല. മിക്കവയും തറനിരപ്പുവരെമാത്രമെകെട്ടിയിട്ടുള്ളു. കല്ലറയ്ക്കുചുററും തറനിരപ്പിൽനിന്ന് അര അടി ഉയരത്തിൽ കല്ലുകെട്ടിയിട്ട് അകം മുഴുവൻ മണ്ണിട്ടുനിരത്തി അതിൽ നല്ല ഹരിതാഭയാർന്ന പുല്ലോ ചെടികളോ വച്ചുപിടിപ്പിച്ചിരിക്കും. കല്ലറകൾ വരിവരിയായിട്ടാണ്. ഓരോന്നിനും ഇടയിലൂടെ നടക്കുവാനുള്ള ചെറുപാതകളുണ്ട്.

കല്ലറകളുടെ കാര്യത്തിൽ വലുപ്പച്ചെറുപ്പമില്ല. സ്ഥലവിസ്തൃതിയനുസരിച്ചു പുതിയ പുതിയ കല്ലറകൾ നിർമ്മിച്ചുകൊണ്ടിരിക്കും. കുടുംബക്കബറുകളാണധികവും. അവയിൽ മാർബിളുകളിലോ കല്ലുകളിലോ, കടന്നുപോയവരുടെ പേര്, ജനനമരണത്തീയതികൾ മുതലായവ ആലേഖനം ചെയ്തിരിക്കും.

സെമിററിയുടെ കാവലിനും ചെടികളുടെയും മററും സംരക്ഷണത്തിനും പ്രത്യേകം നിയമിക്കപ്പെട്ടിട്ടുള്ള ജോലിക്കാരുണ്ടെങ്കിലും, ഓരോരുത്തരും അവരവർക്കു ബന്ധപ്പെട്ട കല്ലറകൾ വൃത്തിയായി സൂക്ഷിക്കുന്നതിൽ പ്രത്യേകം ജാഗ്രത പ്രദർശിപ്പിക്കുന്നു. തങ്ങളുടെ പ്രിയപ്പെട്ടവരായി അവിടെ നിദ്രകൊള്ളുന്നവരുടെ ഓർമ്മദിവസങ്ങളിലും, മരിച്ചവരുടെ പൊതുവായ സ്മരണാദിനത്തിലുംമാത്രമല്ല, ഞായറാഴ്ചതോറും ചിലർ ദിനന്തോറുംതന്നെ സെമിററിയിലെത്തി ബന്ധപ്പെട്ട കല്ലറകളിൽ പുഷ്പാർച്ചന ചെയ്തും മെഴുകുതിരികൾ കത്തിച്ചും പ്രാർത്ഥന നടത്തുന്നതു് ഒരു സാധാരണ പതിവാണ്. ഒരു നല്ല കർഷകൻ വിത്തു കുഴിച്ചിട്ടിട്ട് ദിവസേന വയലെത്തി അതു കിളിച്ചുവളരുന്നതിനു വളമിടുകയും കളകൾ പറിച്ചുകളകയും മററും ചെയ്യുന്നതുപോലെ. ഇവയൊക്കെകണ്ടപ്പോൾ ഞാൻ നമ്മുടെ നാട്ടിലെ ചില സെമിററികളെപററി ഓർത്തുപോയി.

നമ്മുടെ ശവക്കോട്ടകൾ പലതും കാടുകയറിയിട്ട് നടക്കാൻ നിവൃത്തിയില്ലാതെയും ശുചീകരണത്തിൽ ശ്രദ്ധചെലുത്താതെയുമല്ലയോ കിടക്കുന്നതു്? കബറുകൾ സ്ഥാപിക്കുന്നതിൽ അടുക്കോ ചിട്ടയോ ഏകീഭാവമോ ഇല്ല. ചില കല്ലറകൾ വലിയ മാളിക കണക്കെ. മററു ചിലവ വെറും മൺകൂനകൾ. ശവമടക്കാൻ നേരമായിരിക്കും പലരും ശവക്കോട്ടയിലേക്കൊന്നു കയറുക. ശവക്കോട്ട നോക്കിയാലറിയാം ഇടവകാംഗങ്ങളുടെ ഇടയിലെ ഉച്ചനീചത്വങ്ങൾ! പ്രിയപ്പെട്ടവർ മരിച്ചുകഴിഞ്ഞാൽ ആവുന്നത്ര ആഡംബരപൂർവ്വം സംസ്കരിക്കും. കുറേ ദിവസങ്ങളിലേക്കു വിയോഗവ്യഥ രങ്ങിനില്ക്കും. ദിവസങ്ങളുടെ ഗതിയിൽ മറവിവന്ന് ആ ദുഃഖം തുടച്ചുമാററും. പിന്നെ അങ്ങിലൊരിക്കൽ ഒരു ചാത്തക്കുർബ്ബാന ചൊല്ലിച്ചെങ്കിലായി, ഇല്ലെങ്കിലുമായി. മരിച്ചവർ മൗനതയിലാണെന്നുപറഞ്ഞ് അവരെ ഓർക്കുകയോ അവർക്കു വേണ്ടിപ്രാർത്ഥിക്കുകയോ ചെയ്യേണ്ടതില്ലെന്നു വാദിക്കുന്ന ചില സമൂഹങ്ങളുമായുള്ള ബന്ധവും എന്താ പോരേ! ചിലർക്കു അച്ചൻ അന്നു കുർബ്ബാന ചൊല്ലിയേച്ചാൽ മതി, സംബന്ധിക്കണമെന്നില്ല. അച്ചൻ രാവിലെ കുർബ്ബാന ചൊ

ല്ലിയിട്ട് ഒരു ടാക്സിപിടിച്ച് വീട്ടിലെത്തി പ്രാർത്ഥിച്ചിട്ടുപോകണം എന്ന് മുൻകൂട്ടി കൊടുത്ത നിർദ്ദേശം അതേപടി പാലിക്കാതിരുന്നതിന്റെ ഫലമായി ഇടവകയിൽ തുടരാൻ നിവൃത്തിയില്ലാതെവന്ന ഗതികേടുവരെ ഒരിടത്ത് അനുഭവപ്പെട്ടതായി കേട്ടിട്ടുണ്ട്! ശവക്കോട്ട ദേവാലയംപോലെതന്നെ പരിശുദ്ധമായി സൂക്ഷിക്കേണ്ടതാണെന്നുള്ള സംഗതിയിൽ പ്രായോഗികവശത്തു നാം വേണ്ടത്ര ബോധവാന്മാരാണോ എന്നു സംശയിച്ചുപോകുന്നു.

കടന്നുപോയ വിശ്വാസികൾ മാമോദീസ്സാമൂലം വീണ്ടും ജനിച്ചവരും നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ചിട്ടുള്ളവരുമാണ്. ഈ 'ശുദ്ധത'കൾ അവരുടെ ശരീരാസ്ഥികളിൽ നിഗൂഢമായിസ്ഥിതിചെയ്യുന്നതിനാൽ ശരീരങ്ങൾ പുണ്യവസ്തുക്കളാണ്. അവ നശിച്ചുപോകേണ്ടവയല്ല, നശിച്ചുപോകയുമില്ല. ശുദ്ധീകരിക്കപ്പെട്ട സെമിററികളിൽ ഉയിപ്പിലുള്ള ശരണത്തോടെ മൃതശരീരം നിക്ഷേപിക്കയാണു ചെയ്യുന്നത്. നാം അത് അവിടെ ഉപേക്ഷിച്ചിട്ട വിട്ടുപോരുകയല്ല. 'മൂഢാ നീ വിതയ്ക്കുന്നതു ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതയ്ക്കുന്നതോ........കോതമ്പിന്റെയോ മററു വല്ലതിന്റെയോ വെറും മണിയത്രേ. ദൈവമോ തന്റെ ഇഷ്ടംപോലെ അതിനു് ഒരു ശരീരവും ഓരോ വിത്തിനു് അതതിന്റെ ശരീരവും കൊടുക്കുന്നു' (1 കോരി. 15: 37). ഉയിപ്പിൽ തേജസ്ക്കരിക്കപ്പെട്ട ശരീരം പ്രാപിക്കേണ്ടതിനാണ് ഈ മൺമയമായ ശരീരം സംസ്ക്കരിക്കുന്നത്. അതുകൊണ്ടാണ് ഒരു കർഷകനെപ്പോലെ നാം കൂടെക്കൂടെ കബറിടം സന്ദർശിക്കുന്നതും, അവിടെ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും, ധൂപാർപ്പണം നടത്തുന്നതും, ആണ്ടുതോറുമോ അവസരംകിട്ടുമ്പോഴെക്കെയുമോ അവക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നതും, ദാനധർമ്മം നടത്തുന്നതും. വി. പൗലൂസ് ശ്ലീഹാ പറഞ്ഞിരിക്കുന്നപ്രകാരം 'ഈ ദ്രവത്വമുള്ളതു് അദ്രവത്വത്തെയും ഈ മർത്ത്യമായതു് അമർത്ത്യതയെയും ധരിക്കേണ്ടതാകുന്നു' (1 കോരി. 15: 54). 'അന്ത്യകാഹളനാദത്തിങ്കൽ...മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും'. ഈ ബോധം നമുക്കുണ്ടെങ്കിൽ നമ്മുടെ സിമിററികളെ നമുക്കു കേവലം ഒരു പ്രേതാലയമോ ചുടുകാടോ ആയിക്കാണുവാൻ സാധിക്കയില്ല.

പശ്ചിമജർമ്മനിയിലെ സെമിററികൾ മിക്കവാറും ഇടവകപ്പള്ളികളിൽനിന്നും കുറെ അകന്നായിരിക്കും. (പട്ടണപ്രദേശങ്ങളാകകൊണ്ടു് ഓരോ പള്ളിക്കും തൊട്ടടുത്തു് ശവക്കോട്ടകൾക്കു വേണ്ടത്ര സ്ഥലം കിട്ടാത്തതുകൊണ്ടായിരിക്കാം). കുറെ ഏക്കർ വിസ്തൃതിയുണ്ടായിരിക്കും. ഓരോ ശവക്കോട്ടയോടും അനുബന്ധിച്ചു് ചെറിയ ചാപ്പലുണ്ടു്. ശവസംസ്ക്കാരശുശ്രൂഷകൾ മിക്കവാറും ഈ ചാപ്പലിൽവച്ചായിരിക്കും.

നവംബർ 1, മരിച്ചവരുടെയും പരിശുദ്ധന്മാരുടെയും ഓർമ്മദിനമാണിനാട്ടിൽ. അതു വലിയ പെരുന്നാൾപോലെയാണ് ആചരിക്കുക. അന്നുവൈകുന്നേരം അതതു് ഇടവകപ്പള്ളികളിൽ പ്രത്യേകം പ്രാർത്ഥന നടത്തിയിട്ട് സെമിററികളിലേക്കു് അംശവസ്ത്രധാരികളായ പട്ടക്കാരും കത്തിച്ച മെഴുകുതിരികൾ പിടിച്ച ജനക്കൂട്ടവും ചേർന്നു് ഘോഷയാത്രയായിട്ടാണ് പോകുന്നതു്, നമ്മുടെ റാസ പോലെ. സെമിററിയിലെത്തി, മരിച്ചുപോയവക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ധൂപം വയ്ക്കു


ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ For Favours Received



C. J. P. Puram. താമസിച്ചതിൽ ക്ഷമാപണം. | A Firm Believer, Alleppey.




# പ്രസംഗപീഠം

(ഫാദർ എം. വി. ജോർജ്ജ് എം. ഏ. ബി. ഡി. എസ്. ററി. എം.)

### സ്ളീബായുടെ ശേഷം നാലാം ഞായർ

## ദൈവവും ദ്രവ്യവും

(അ. പ്ര. 18: 24–28; കൊലോ. 1: 21–26; ലൂ. 16: 13–18)

അവിശ്വസ്തനായ കാര്യവിചാരകന്റെ ഉപമയുടെ ഉപസംഹാരവാക്യമാണ് ഇന്നത്തെ ഏവൻഗേലിയോന്റെ ആരംഭവാക്യം, 'നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല'. മാമോൻ എന്ന ഫൊയിനിഷ്യൻ വാക്കിനു് ദ്രവ്യം എന്നും 'ലാഭം' എ

---

കയും ചെയ്യും. നമ്മുടെ കർത്താവു് തന്റെ പിതാവിന്റെ മഹത്വത്തോടെയും മാലാഖമാരുടെ അകമ്പടിയോടുകൂടെയും അന്ത്യന്യായവിധിക്കായി എഴുന്നള്ളുന്ന സ്മരണയാണിതു കാണുമ്പോൾ ഉണ്ടാകുക. കബറുകളെല്ലാം ദീപങ്ങളാലും പൂക്കളാലും അലംകൃതങ്ങളായിരിക്കും. ഈ കാഴ്ച കാണാൻതന്നെ പല സ്ഥലങ്ങളിൽനിന്നും ധാരാളം ആളുകൾ വന്നു ചേരാറുണ്ടു്. നമ്മുടെ മരിച്ചുപോയവരുടെ ഓർമ്മ വലിയനോമ്പിന്റെ പേത്തർത്തായിക്കു തൊട്ടുമുമ്പുള്ള ഞായറാഴ്ചയാണല്ലൊ. അന്നു് ഓരോ പള്ളിയിലും പൂർണ്ണ അംശവസ്ത്രം ധരിച്ച പട്ടക്കാരൻ, സന്നിഹിതരായിട്ടുള്ള ജനക്കൂട്ടത്തോടുകൂടി ശവക്കോട്ടയിലെത്തി പ്രാർത്ഥനയും ധൂപവും സമർപ്പിക്കുമല്ലോ. പള്ളിയിൽനിന്നും ശവക്കോട്ടയിലേക്കു പോകുന്നതു് ഇതിനുപരി പ്രസ്താവിച്ചപ്രകാരം കത്തിച്ച മെഴുകുതിരികൾ പിടിച്ചും ഗാനാലാപത്തോടും കൂടിയ ഒരു റാസയായിരുന്നാൽ കൂടുതൽ ആകർഷണീയമായിരിക്കും x. മുൻകൂട്ടിത്തന്നെ തങ്ങളുടെ പ്രിയപ്പെട്ടവരുടെ കബറുകൾ ശുചീകരിക്കുന്നതിനും പൂക്കളാലും തിരികളാലും അലങ്കരിക്കുന്നതിനും തയ്യാറാകുന്നപക്ഷം അതു നമ്മുടെ സെമിററികളുടെ ഒരു പുതുക്കംതന്നെ ആയിരിക്കും.

പള്ളി എന്നു കേൾക്കുന്നമാത്രയിൽ നമ്മിൽ പലരും ഭക്തിപൂർവ്വം കുരിശുവരയ്ക്കും. എന്നാൽ ശവക്കോട്ടയോ ചിലർക്കൊരു പേടിസ്വപ്നവും. രാത്രികാലങ്ങളിലും മററും ശവക്കോട്ടയ്ക്കു സമീപത്തുകൂടി കടന്നുപോകുവാൻപോലും ഭയമാണ്! കാരണമെന്തെന്നോ? ഒന്നു്, ശവക്കോട്ട ഭൂതപ്രേതാദികളുടെ അധിവാസസ്ഥാനമാണെന്നുള്ള മിഥ്യാധാരണ, മറെറാന്ന് അതു മുഴുവൻ കാടുപിടിച്ചു കിടക്കുന്നതിനാൽ വല്ല ഇഴജന്തുക്കളും പതുങ്ങിക്കിടപ്പുണ്ടാവാം എന്ന യാഥാർത്ഥ്യബോധം. ഈ രണ്ടാമത്തതു കൂടാതെ കഴിക്കാൻ വേണ്ടതു ചെയ്യാൻ നമുക്കു സാധിക്കും. ഒന്നാമത്തേതോ സർവ്വാബദ്ധം. അവിടെ നിത്യനിദ്രകൊള്ളുന്നതു് വിശ്വാസികളായ നമ്മുടെ പ്രിയപ്പെട്ടവരാണ്. അവരുടെ ശരീരാസ്ഥികളിൽ നമ്മുടെ രക്ഷിതാവിന്റെ തിരുശരീരരക്തങ്ങൾ സംലീനമായിരിക്കുന്നു. അവരുടെ ആത്മാക്കൾ പർദൈസായിൽ വസിക്കുന്നു. ആകയാൽ സെമിററി നമ്മിൽ പർദൈസായുടെ പ്രതീതി ജനിപ്പിക്കുവാൻ പര്യാപ്തമായിരിക്കണം.

ബൃഹത്തായ കല്ലറകൾ കെട്ടാൻ എല്ലാവർക്കും സാധിച്ചു എന്നു വരികയില്ല. എന്നാൽ കുറഞ്ഞപക്ഷം കാട്ടുകല്ലുകൾ ചുററും പെറുക്കിവച്ചു കെട്ടിയിട്ട് അകം നല്ല മണൽ വിരിച്ചോ, ചെറുചെടികൾ വച്ചു പിടിപ്പിച്ചോ, നല്ല പച്ചപ്പുല്ലുകൾ വിരിച്ചോ ഭംഗിയാക്കുവാൻ സാധിക്കും. ഇതു നമുക്കുതന്നെ ചെയ്യുവാൻ കഴിയുന്നതേയുള്ളു. ഇടവകബജററ തയാറാക്കുമ്പോൾ സെമിററികളിൽ നല്ല നല്ല ചെടികൾ വച്ചുപിടിപ്പിച്ചും ചെറുപാതകൾ നിർമ്മിച്ചും ഉദ്യാനതുല്യം മനോഹരമാക്കുന്നതിനും ഭംഗിയായി സൂക്ഷിക്കുന്നതിനും വകകൊള്ളിക്കുന്നതിൽ ചുമതലപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

---

x ആനീദേ ഞായറാഴ്ച റാസയായി ശവക്കോട്ടയിലേക്കു പോകുന്ന പതിവു് നല്ലതാണ്. നമ്മുടെ ചില പള്ളികളിൽ ഈ പതിവുണ്ടു്. എന്നാൽ പല പള്ളികളുടെയും തൊട്ടടുത്തു് ശവക്കോട്ട സ്ഥിതിചെയ്യുന്നതിനാൽ പ്രത്യേകം റാസ നടത്തുന്നില്ല എന്നേയുള്ളു. (പത്രാധിപർ)

വുന്നവരാണ് ദൈവത്തെ പൂർണ്ണമായി സേവിക്കുന്നതു്, സ്നേഹിക്കുന്നതു്.

ദൈവത്തെയും മാമോനെയും നാം എത്രനാം സേവിക്കും? ഏലിയാദീർഘദർശി ചോദിച്ചതുപോലെ, നാം എത്രനാം രണ്ടു തോണിയിൽ കാൽ ചവിട്ടി നില്ക്കും? 'യഹോവാ ദൈവമെങ്കിൽ അവനെ സേവിപ്പിൻ; ബാൽ എങ്കിൽ അവനെ സേവിപ്പിൻ' (1 രാജാ. 18: 21). 'നീ ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ കൊള്ളായിരുന്നു.......... ശീതോഷ്ണവാനായാൽ നിന്നെ എൻെറ വായിൽനിന്നു് ഉമിണ്ണുകളയും' (വെളി. 3: 15).

## സ്ളീബായുടെ ശേഷം അഞ്ചാം ഞായർ

# പരീശന്മാരും ക്രിസ്തുവിൻെറ അനുയായികളും

(അ. പ്ര. 22: 22–29; 1 തീമോ. 6: 13–21; മത്താ. 23: 1–12)

നമ്മുടെ കർത്താവിൻെറ മനുഷ്യാവതാരകാലത്തു് യഹൂദന്മാരുടെ ഇടയിൽ പരീശർ, സാദ്ദൂക്യർ, എരിവുകാർ, സന്യാസിമാർ (essenes) എന്നിങ്ങനെ നാലു വിഭാഗക്കാർ ഉണ്ടായിരുന്നു. ഇവരിൽ ഏററം വലിയ മതഭക്തന്മാരായി നടിച്ചവരും, പാരമ്പര്യങ്ങൾക്കു വലിയ സ്ഥാനം കൊടുത്തവരും, എണ്ണത്തിൽ കൂടിയവരും പരീശന്മാരായിരുന്നു. വി. പൗലോസ് ശ്ലീഹാ ഒരു കറയററ പരീശനായിരുന്നെങ്കിലും ക്രിസ്ത്യാനിയായശേഷം ക്രൂശിലല്ലാതെ പ്രശംസിപ്പാനില്ലാത്തവനായിത്തീർന്നു. സാദ്ദൂക്യരാകട്ടെ 'പുനരുത്ഥാനം ഇല്ല, ദൂതനും ആത്മാവുമില്ല' എന്നു പറയുന്നവരായിരുന്നു (അ. പ്ര. 23: 3). തന്നിമിത്തം പലപ്പോഴും പരീശരും സാദ്ദൂക്യരും തമ്മിൽ വഴക്കുപിടിച്ചുപോന്നു. ജന്മാവകാശത്താൽ പുരോഹിതന്മാർ ചിലർ പരീശരും പലരും സാദ്ദൂക്യരുമായിരുന്നു. എ. ഡി. 70-ലെ യരുശലേമിൻെറ നാശം വിളിച്ചുവരുത്തിയ എരിവുകാർ ഒരുവിധ മതഭ്രാന്തു പിടിച്ചവരായിരുന്നതിനാൽ അവർ സ്ഥായിയായ പ്രയോജനം ആർക്കും ചെയ്തിട്ടില്ല. സന്യാസിമാർ ബി. സി. 200-നും, എ. ഡി. 200-നും ഇടയ്ക്കു് യഹൂദരുടെ പുതുക്കത്തിനു പരോക്ഷമായി സഹായിക്കുകയും, വേദപുസ്തകം പകർത്തുകയും, സാമൂഹ്യനീതി അവരുടെ ഇടയിൽ നടപ്പാക്കുകയും, വലിയ വിപ്ളവകരമായ ഒരു നൂതന അദ്ധ്യായത്തിനു് ആരംഭം കുറിക്കുകയും ചെയ്തു. യോഹന്നാൻമാബ്ദാനായും, യാക്കോബ്ശ്ളീഹായും ഈ സമൂഹത്തിൽ പെട്ടിരുന്നവരോ, അതിൻെറ പ്രേരണ ലഭിച്ചവരോ ആയിരുന്നു എന്നൂഹിക്കാം. ഈ നാലു കൂട്ടരിൽ പരീശരെയാണു് ഈ അദ്ധ്യായത്തിൽ ഏഴു പ്രാവശ്യം 'അയ്യോ കഷ്ടം' പറഞ്ഞു കർത്താവു ശാസിച്ചിരിക്കുന്നതു്.

### 1) മോശയുടെ പീഠം

സിനഗോഗുകളിൽ ആധികാരികമായി പാഠിപ്പിക്കുന്ന ആൾക്കു് ഇരിക്കുവാനായി ഒരു പീഠം ഉണ്ടായിരുന്നു. അതിൻെറ ആധികാരികത കാണിക്കുവാൻ അതിനെ മോശയുടെ

F O R F A V O U R S R E C E I V E D



A Firm Believer, Ahamedabad. K. V. Daniel, Madras.



പീഠം എന്നു വിളിച്ചിരുന്നു. റബ്ബിമാരിൽ പ്രധാനി ആ പീഠത്തിൽ ഉപവിഷ്ടനായി ന്യായപ്രമാണം പഠിപ്പിക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്തുപോന്നു. ശാസ്ത്രിമാരിൽ ചിലർ പരീശരും ചിലർ സാദ്ദൂക്യരുമായിരുന്നു. റബ്ബികളും രണ്ടു കൂട്ടത്തിലും പെട്ടവരുണ്ടായിരുന്നു. ഇവിടെ നമ്മുടെ കർത്താവു പറയുന്നതു വളരെ പ്രധാനപ്പെട്ട ഒരു പാഠമാണു്. 'ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്യുവിൻ; അവരുടെപ്രവൃത്തികൾപോലെ ചെയ്യരുതുതാനും'. അധികാരസ്ഥന്മാരധികവും അധികാരത്താൽ തന്നെ ചീത്തയാക്കപ്പെട്ടവരാണു്. അവരുടെ ജീവിതത്തിൻെറ നന്മയും തിന്മയും അനുസരിച്ചാണു് അനുസരണം എന്നുവന്നാൽ അനുസരിക്കേണ്ടവർ വിധികർത്താക്കളാകുകയായിരിക്കും ഫലം. പലപ്പോഴും അവരിൽ കുറവുണ്ടെങ്കിലും അവർ പറയുന്നതനുസരിപ്പാൻ ബാദ്ധ്യസ്ഥരായവർ അനുസരിക്കുകതന്നെവേണം. ഒരിടവകയിലെ പട്ടക്കാരൻ കുറവുള്ളവനാകയാൽ, അദ്ദേഹത്തിൻെറ അടുത്തു കുമ്പസാരിക്കുകയില്ല, അദ്ദേഹത്തിൻെറ വി. കുർബ്ബാനയിൽ സംബന്ധിക്കുകയില്ല എന്നു പറയുന്നവരുണ്ടു്. അങ്ങനെ അകന്നുനില്ക്കുന്നവരുടെ കുമ്പസാരം കേൾപ്പാൻ മാലാഖമാർ ഇറങ്ങിവരേണ്ടിവരും. ലോകത്തിൽ എല്ലാ മനുഷ്യരിലും കുററങ്ങളുണ്ടു്. അതിനാലാണു് 'അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുതു്' എന്നു താക്കീതു കർത്താവു തന്നിരിക്കുന്നതു്. അധികാരത്തോടു മറുതലിക്കുന്ന ഒരു കാലമാണിതു്. ഈയിടെ ഒരു പള്ളിയിൽ പൊതുയോഗത്തിനാദ്ധ്യക്ഷം വഹിച്ച പട്ടക്കാരനെ ഏഴുമണിക്കൂർ ഘരാവോ ചെയ്തതായി അറിഞ്ഞു. ഈ പ്രവണത സഭയിൽ പലവിധ കുഴപ്പങ്ങളും ഉണ്ടാക്കുന്നതാണു്. പൗരോഹിത്യത്തിനു് വലിയ ഉത്തരവാദിത്വമുണ്ടെന്നതിനു സംശയമില്ല. പട്ടക്കാർ മാതൃകാപരമായ ജീവിതമുള്ളവരായിരിക്കണം. അദ്ധ്യാപകന്മാരും കോളജുകളിലെ പ്രഫസറന്മാരും കുട്ടികളുടെ ബഹുമാനമാർജ്ജിക്കുന്ന ജീവിതം നയിക്കണം. ചിലപ്പോൾ ഒരദ്ധ്യാപകൻ പരീശനു തുല്യം അധഃപതിച്ചാലും വിദ്യാർത്ഥികൾ ഗുരുക്കന്മാരെ അനുസരിക്കണം. 'ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ...ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു' (റോമ 13: 1, 2). പരമ്പരാഗതമായ അധികാരത്തെ കൂടുതലായി അനുസരിക്കയും ബഹുമാനിക്കയും ചെയ്യണം. അപ്പോസ്തോലികകൈവപ്പുള്ള തിരുമേനിമാരെ അനുസരിക്കുന്നതിൽ പട്ടക്കാരും ജാഗരൂകരായിരിക്കേണ്ടതത്രെ. അധികാരബഹുമാനം അച്ചടക്കത്തിനു് അത്യന്താപേക്ഷിതമാണല്ലോ. അതിനാൽ നമുക്കുമീതെ ദൈവം ആക്കിവയ്ക്കുന്നവരുടെ കുറവുകൾ പിൻപററാതെ അവരെ അനുസരിക്കേണ്ടതു ക്രിസ്തീയ ചുമതലയാണെന്നു കർത്താവു പഠിപ്പിക്കുന്നു. പുതിയനിയമത്തിലും മോശയുടെ പീഠം ബഹുമാന്യംതന്നെ. മോശയുടെ ന്യായപ്രമാണം വ്യാഖ്യാനിക്കുന്ന പീഠമാണതു് (നെഹ. 8: 1–8).

### 2) അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുതു്

'പരീശൻ എന്ന വാക്കിൻെറ അർത്ഥം വേർപെട്ടവൻ എന്നാണു്. യഹൂദന്മാരുടെ തൽമൂദിൽപോലും ആറുവിധ വഴിപിഴച്ച പരീശർക്കു് ഒരു നല്ല പരീശനെയാണു ചൂണ്ടിക്കാണിച്ചിരിക്കുന്നതു്. ഏഴുവിധ പരീശന്മാർക്കിട്ടിരുന്ന പേരുകൾ അന്വർത്ഥമാണു്.

1. ഭുജപരീശൻ തൻെറ നന്മപ്രവൃത്തികൾ ഭുജത്തിൽ എഴുതി ധരിച്ചുകൊണ്ടു നടന്നിരുന്നു.

2. Waik-a-little pharises നല്ല പ്രവൃത്തികൾ പിന്നേക്കു മാററിവക്കും.

3. മുറിവുള്ള പരീശൻ സ്ത്രീകളെ കാണാതിരിപ്പാൻ കണ്ണടച്ചു റോഡിൽകൂടി നടന്നു് മറിഞ്ഞുവീണും മററും സ്വയം മുറിവേററിരുന്നു.

4. നട കുനിഞ്ഞ പരീശൻ താഴ്മ കാണിപ്പാൻ കുനിഞ്ഞേ നടക്കു.

5. Ever reckoning പരീശൻ നന്മപ്രവൃത്തികൾ ചെയ്തതിൻെറ കണക്കു പറഞ്ഞു ദൈവസഹായം അവകാശപ്പെട്ടിരുന്നു.

6. ഭയമുള്ള പരീശൻ ദൈവന്യായവിധിയെ ഭയപ്പെട്ടു് കിണ്ടികിണ്ണങ്ങളുടെ പുറം വെണ്മയാക്കുന്ന ജാതിയത്രെ.

7. ദൈവഭക്തിയുള്ള പരീശൻ മാത്രം ദൈവത്തെ ശരിയായി സ്നേഹിക്കയും അതിൽ ആനന്ദിക്കയും ചെയ്തുപോന്നു.

'അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുതു്.' എന്നു കർത്താവു കല്പിച്ചതു് ആദ്യം പറഞ്ഞ ആറുജാതി പരീശന്മാരുടെ പ്രവൃത്തികളെ കുറിച്ചാണു്. അവർ മററുള്ളവരുടെമേൽ 614 നിയമങ്ങൾ അടിച്ചേല്പിക്കയല്ലാതെ അവരെ ഒട്ടും സഹായിച്ചിരുന്നില്ല. ഇകൽ ചരളിൽ പുറ. 13: 1–10; 13: 11–16; ആവ. 6: 4–9;

# THE MALANKARA SABHA

Licence No. 475 Dated 11th April 1946—Registered No. K. 24.


## തിരിച്ചെത്തി

ഉപരിപഠനാർത്ഥം അമേരിക്കയിലേക്കു പോയിരുന്ന റവ. ഫാദർ സി. ഒ. വറുഗീസ് ബി. എസ്‌സി. എസ്. റ്റി. എം. കഴിഞ്ഞ ഓഗസ്റ്റ് 21-ാംതീയതി തിരിച്ചെത്തിയിരിക്കുന്നു. അദ്ദേഹം വികാരിയായിരുന്ന ഇലന്തൂർ പള്ളിയിൽവച്ച് അദ്ദേഹത്തിനു് ഒരു സ്വീകരണം നൽകപ്പെട്ടു. ഇപ്പോൾ തുമ്പമൺ ഭദ്രാസനത്തിൽ കുമ്പഴ കിഴക്കേപള്ളി വികാരിയായി അദ്ദേഹം നിയമിക്കപ്പെട്ടിരിക്കുന്നു. അമേരിക്കയിൽനിന്നുള്ള മടക്കയാത്രയിൽ അദ്ദേഹം കാനഡ, ഇംഗ്ലണ്ട്, പാരീസ്, വെസ്റ്റ്ജർമ്മനി, റോം, ഗ്രീസ്, സൈപ്രസ്, യേറുശലേം, ദമസ്കോസ്, കുവയിറ്റ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. യേറുശലേമിൽ കർത്താവിന്റെ വി. കബറിങ്കൽ വി. കുർബ്ബാന അർപ്പിച്ചു. വി. മർക്കോസിന്റെ ദയറാധിപൻ യാക്കോബ് റമ്പാനും ഒട്ടനവധി ജനങ്ങളും വി. കുർബ്ബാനയിൽ സംബന്ധിച്ചു. അദ്ദേഹം പ. പാത്രിയർക്കീസ് ബാവാ തിരുമേനിയെ സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചു. വെസ്റ്റ് ജർമ്മനിയിലുള്ള നമ്മുടെ സഭാംഗങ്ങളിൽ പലരെയും കുമ്പസാരിപ്പിക്കുകയും വി. കുർബ്ബാന നൽകുകയും ചെയ്തു.

ഉപരിപഠനശേഷം അമേരിക്കയിൽനിന്നും യൂറോപ്പ്, ആഫ്രിക്ക, മലേഷ്യ പ്രദേശങ്ങളിൽ സഞ്ചരിച്ചിട്ട് മടങ്ങിയെത്തിയ റവ. ഡീക്കൻ റ്റി. ജി. സഖറിയായിക്കു് ദേവലോകംസണ്ടേസ്കൂൾ വകയായും ഉമയാറ്റുകര പള്ളിവകയായും സ്നേഹനിർഭരമായ സ്വീകരണങ്ങൾ നൽകപ്പെട്ടു.

## ഓർത്തഡോക്സ് യൂത്തുലീഗ്

അട്ടൂർ ഗ്രൂപ്പ് യുവജനസമാജങ്ങളുടെ വാർഷികം ആനന്ദപ്പിള്ളി ഓർത്തഡോക്സ് പള്ളിയിൽവച്ച് മാർ കൂറീലോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി. യുവജനങ്ങൾ വിശ്വാസതീഷ്ണതയോടും ആത്മീയ ശുഷ്കാന്തിയോടും കൂടി പ്രവർത്തിക്കണമെന്നു് തിരുമേനി ഉത്ബോധിപ്പിച്ചു. റവ. ഫാ. റ്റി. ജി. ഗീവറുഗീസ്, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന'യെക്കുറിച്ചു ക്ലാസ്സെടുത്തു. റവ. ഫാ. അലക്സാണ്ടർജോർജ്ജ്, ശ്രീ. സി. പി. ചാണ്ടി എന്നിവർ പ്രസംഗിച്ചു. റവ. ഫാ. പി.വി. ഏലിയാസ് കൃതജ്ഞതപ്രകാശിപ്പിച്ചു.

### ഗ്രൂപ്പ് സമ്മേളനം

വാഴൂർ യുവജന സമാജത്തിന്റെ ഗ്രൂപ്പ് മീററിംഗ് ഓഗസ്റ്റ് 9-ാംതീയതി സെന്റ് പോൾസ് ഹൈസ്കൂളിൽവച്ചു നടത്തപ്പെട്ടു. 23-ാം സങ്കീർത്തനത്തെപ്പററി റവ. ഫാ. ജോൺ ജേക്കബ് ക്ലാസ്സെടുത്തു. സമ്മേളനത്തിൽ റവ. ഫാ. റ്റി. ഐ. പൗലൂസ് ആദ്ധ്യക്ഷം വഹിച്ചു. ഗ്രൂപ്പ് ഓർഗനൈസർ ശ്രീ. കെ. സി. കുറിയാക്കോസും യൂത്തുലീഗ് ഭ: സെക്രട്ടറി ശ്രീ കെ. എം. കുറിയാക്കോസും പ്രസംഗിച്ചു.

### മർത്തമറിയസമ്മേളനം

കൂത്താട്ടുകുളം സെ. 6

കണ്ടനാടുഭദ്രാസനം മർത്തമറിയം വനിതാസമാജം കൂത്താട്ടുകുളംഗ്രൂപ്പിന്റെ ഒരു ഏകദിന സമ്മേളനം കൂത്താട്ടുകുളം ചാപ്പലിൽവച്ച് സ... കണ്ടത്തിൽപുത്തൻപുരയിലച്ചന്റെഅദ്ധ്യക്ഷതയിൽകൂടി. റവ. ഫാദർ സി. എം. തോമ്മസ്, ശ്രീ. C.K. ജോൺ എന്നിവർ ക്ലാസ്സുകളെടുത്തു.


**"മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യസിംഹാസനം"**

അമൂല്യങ്ങളും അനിഷേദ്ധ്യങ്ങളുമായ ചരിത്രരേഖകളെ അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ള ഒരു ഉത്തമഗ്രന്ഥം.

**സണ്ടേസ്കൂൾ കുട്ടികൾക്കു് സമ്മാനദാനത്തിനു് ഏററവും ഉപയുക്തം.**

വില 75 പൈസ. തപാലിൽ അയയ്ക്കുന്നതിനു് 85 പൈസ.

കുറച്ചു പ്രതികൾ മാത്രം.

ആവശ്യപ്പെടുക:- Rev. Fr. T. V. George,
Catholicate Office, Kottayam-4.



Edited, Printed and Published by the Rev. Fr. T. C. Jacob at the Catholicate Press, Kottayam.